Sahyanadham October 2015
Reg. No. KERMAL / 2004 / 12498. No. KL/IDK/08/2013-15
Date of Publication: 02/10/2015
Posted at Thodupuzha Stg.
Annual Subscription Rs. 60.00



Printed at St. Martha's Offset Printers, Murickassery
Idukki Dist. 685 604, Ph. 263688
Editor, Printer & Publisher. Rev. Fr. James Punnaplackal
Bishop's House, Idukki - 685 602

# സഹ്യനാദം

വാല്യം 12
ഒക്ടോബർ 2015
ലക്കം 10



ഇടുക്കി രൂപതാ ബുള്ളറ്റിൻ

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 12
Issue No. : 10
Month : October 2015




*Chief Editor*

**Fr. Joseph Kochukunnel**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

Reg. No. KL/IDK/08/2013-15
RNI Reg. No. KERMAL/2004/12498
Annual Subscription ₹ 60.00

*Website & e-mail*
www.idukkidiocese.org
curiaidukkidiocese@gmail.com

## ഈ ലക്കത്തിൽ

| | |
|---|---|
| മിഷൻ ഞായർ 2015 | 03 |
| മനുഷ്യജീവനുവേണ്ടി ശബ്ദമുയരട്ടെ | 12 |
| കുമ്പസാരക്കാർക്ക് പ്രത്യേക അധികാരം | 17 |
| സർക്കുലർ : ദീപിക നമ്മുടെ പത്രം | 19 |
| രൂപതക്കച്ചേരി | 22 |
| വിശ്വാസപരിശീലനം | 38 |
| സാമൂഹ്യസേവനം | 39 |
| തിരുബാലസഖ്യം | 43 |
| ചെറുപുഷ്പ മിഷൻലീഗ് | 44 |
| കെ.സി.എസ്.എൽ. | 51 |
| കെ.സി.വൈ.എം. | 52 |
| കെ.സി.ബി.സി. മദ്യവിരുദ്ധസമിതി | 53 |
| കുടുംബ പ്രേഷിതത്വം | 54 |
| മാതൃവേദി | 55 |
| പ്രാർത്ഥനാഗ്രൂപ്പ് | 55 |
| കത്തോലിക്കാ കോൺഗ്രസ് | 57 |
| കേരള ലേബർ മൂവ്മെന്റ് | 59 |
| ആത്മജ്യോതിയിലെ പരിപാടികൾ | 60 |
| വാർത്തകളും വിശേഷങ്ങളും | 60 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 62 |
| രൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 65 |

"സഭയുടെ ഭാഷയും ശരീരചലനങ്ങളും കാരുണ്യം പ്രസരിപ്പിക്കുന്നതാവണം."

ഫ്രാൻസിസ് മാർപാപ്പ

## ഓർമ്മിക്കാൻ

### ഒക്ടോബർ മാസത്തിലെ പ്രധാന പരിപാടികൾ

| | |
|---|---|
| 02 | : തിരുബാലസഖ്യം രൂപതാ കലോത്സവം |
| 03 | : ജീവൻ സംരക്ഷണസന്ദേശയാത്ര സമാപനം, ചെറുതോണി |
| 05 | : ഫാമിലി അപ്പസ്തോലേറ്റ് യോർദ്ദാനിയ |
| 10 | : എച്ച്.ഡി.എസ്. വാർഷിക സമ്മേളനം |
| | : കെ.സി.എസ്.എൽ. ശതാബ്ദി സാഹിത്യോത്സവം |
| 12-14 | : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |
| 14 | : വൈദികരുടെ സ്റ്റഡിഫോറം, ആത്മജ്യോതി അടിമാലി |
| 15 | : വൈദികരുടെ സ്റ്റഡിഫോറം, വെള്ളയാംകുടി |
| 16-18 | : ഫാമിലി അപ്പസ്തോലേറ്റ് ഏലിശ്വാധ്യാനം |
| 17 | : കെ.സി.വൈ.എം. അർദ്ധവാർഷിക കൗൺസിൽ |
| 21-24 | : കെ.സി.എസ്.എൽ. ജീവിത വിശുദ്ധീകരണ ധ്യാനം |
| 22-24 | : സൺഡേസ്കൂൾ +2 SMCC രൂപതാതല സംഗമം |
| 23 | : സി.എം.എൽ. രൂപതാ കലോത്സവം |
| 26-28 | : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി അടിമാലി |

### ആരാധനക്രമ പഞ്ചാംഗത്തിൽ നിന്നും

| | |
|---|---|
| 01 | : വി. കൊച്ചുത്രേസ്യ |
| 02 | : കാവൽമാലാഖ |
| 03 | : വി. ഫ്രാൻസീസ് അസ്സീസ്സി |
| 15 | : ആവിലായിലെ വി. ത്രേസ്യ |
| 16 | : വാ. തേവർപറമ്പിൽ കുഞ്ഞച്ചൻ |
| 17 | : വി. ലൂക്കാ സുവിശേഷകൻ, വി. ഇഗ്നേഷ്യസ് |
| 18 | : മിഷൻ ഞായർ |
| 28 | : വി. ശെമയോൻ, വി. യൂദാ തദേവൂസ് ശ്ലീഹന്മാർ |
| 31 | : സകല വിശുദ്ധരുടേയും തിരുനാൾ (നവംബർ 1 ഞായർ) |

C. 25 **ലോകമിഷൻ ഞായർ – 2015**

## ഫ്രാൻസിസ് പാപ്പായുടെ സന്ദേശം

**പ്രിയ സഹോദരീ സഹോദരന്മാരെ,**

സമർപ്പിത ജീവിതവർഷത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് യേശുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാംവിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കു കാരണം യേശുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടുത്തെ അനുഗമിക്കാനുള്ള ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടുത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടുത്തെ അടുത്തനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വ സവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപ്പിതജീവിതത്തിൽ നിന്ന് വഴിതെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെന്നത് മതംമാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ ''വ്യാകരണത്തിന്റെ'' ഭാഗമാണ്.



''വരുക'' ''മുന്നോട്ടു പോകുക'' എന്നിങ്ങനെ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശപരമായിട്ടുള്ള ഒന്നാണത്. ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല. എന്തെന്നാൽ യേശു ''തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കുകയും, തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യുന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടുന്ന് തങ്ങളോടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു'' (സുവിശേഷ സന്തോഷം; 266).

മിഷൻ എന്നത് യേശുവിനോടുള്ള തീവ്രസ്നേഹമാണ്. അതേസമയം അത് അവിടുത്തെ ജനത്തോടുള്ള തീവ്രസ്നേഹവുമാണ്. ക്രൂശിതനായ യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും (cf ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോഗിക്കാൻ അവിടുന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. ''മുന്നോട്ടു പോകുക'' എന്നാണ് യേശുവിന്റെ കല്പന. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യസന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിതസാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും

വായിക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ പ്രേഷിത സ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ ഉണ്ണീശോയുടെ വിശുദ്ധ തെരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മകജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാധമായ ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ നിന്ന് ഉയർന്ന പ്രേഷിതത്വ ചൈതന്യം വിജാതീയരുടെ ഇടയിലുള്ള പ്രേഷിതപ്രവർത്തനത്തിലേക്കുള്ള അസാധാരണമായ താത്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്കാരങ്ങളിലെയും സഹോദരീസഹോദരന്മാരോടുള്ള തുറവ് അതിനു മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപ്പിതജീവിതത്തിലെ വ്യാപകമായ ''സങ്കലിതസംസ്കാര'' (''interculturalism'') ത്തെപ്പറ്റി പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിരസ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: യേശു ആണ് മിഷന്റെ കേന്ദ്രസ്ഥവ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷപ്രഘോഷണത്തിന് പൂർണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിതപ്രവർത്തനം സ്വീകരിക്കുന്നവർ അതു ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അവിടുത്തെ അനുഗമിക്കാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നു മാറിപ്പോകാനുള്ള ഏതു പ്രവണതയും - നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരവും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെങ്കിലും - കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷ



ത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടുന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീരതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാരവിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു: **യഥാർത്ഥ മിഷന്റെ** ആദർശത്തെ, **സമ്പൂർണ സമർപ്പണത്തിലൂടെ ക്രിസ്ത്വനുകരണത്തെ നിങ്ങളിൽ നിന്നു പിടിച്ചുപറിക്കാൻ ആരെയും അനുവദിക്കരുത്**. നിങ്ങൾ സന്ന്യസ്ത പ്രേഷിതത്വജീവിതം തിരഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നുവോ അതിനു സന്നദ്ധരാവുകയും ചെയ്തത് എന്തുകൊണ്ടാണെന്ന് മനസ്സാക്ഷിയുടെ അഗാധതയിൽ സ്വയം ചോദിക്കണം: സുവിശേഷപ്രഘോഷണത്തിനു സേവനം ചെയ്യുന്ന സ്നേഹദാനമായതുകൊണ്ടുതന്നെ. നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷപ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനെ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.

ഇന്നു സഭയുടെ പ്രേഷിതപ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേക്ക് തിരിച്ചുപോകുകയും അവരുടെ സംസ്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവജനതകളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റു പാരമ്പര്യങ്ങളെയും ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവികജ്ഞാനത്തിന്റെ രഹസ്യത്തിലേക്കു പ്രവേശിക്കാനും യേശുവിന്റെ സുവിശേഷം സ്വീകരിക്കാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരികമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. യേശു സകല സംസ്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മക ശക്തിയുമാണ്.

സങ്കീർണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടു തന്നെ ചോദിക്കുന്നു: ''ആരോടാണ് നാം ആദ്യം സുവിശേഷം പ്രസംഗിക്കേണ്ടത്''? സുവിശേഷം മുഴുവനിലും നാം മിക്കപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോട്, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നല്കാൻ കഴിവില്ലാത്തവരോട് (cf. ലൂക്കാ 14:13-14)നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷവത്കരണം യേശു സ്ഥാപിക്കാൻ വന്ന രാജ്യത്തിന്റെ അടയാളമാണ്. ''നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്'' (സുവിശേഷസന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത് സർവോപരി വ്യക്തമായിരിക്കണം: ദരിദ്രരോടു പക്ഷം ചേരുന്ന ക്രിസ്തുവിനെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴി അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനിശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദന്മാരായിത്തീരാനും അതുവഴി അവർക്ക് സുവിശേഷസന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവസാക്ഷികളായും പിതാവിനുള്ള സ്നേഹത്തിന്റെ അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിതത്വ സേവനത്തിൽ അല്മായരുടെ സാന്നിധ്യം വളർത്താൻ സമർപ്പിതർ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രസ്താവിച്ചതുപോലെ ''അല്മായർ സഭയുടെ പ്രേഷിതപ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്ന നിലയിലും സജീവോപകരണങ്ങളെന്ന നിലയിലും സഭയുടെ രക്ഷാകരദൗത്യത്തിൽ പങ്കുചേരുന്നുണ്ട്'' (ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ചുകാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം



ചെയ്യണം. മാമ്മോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണവർ. മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുഷികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിന്തുണ നല്കാനുമുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺഗ്രിഗേഷനുകളും, യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ സമർപ്പിതാംഗങ്ങളുടെ കാരിസങ്ങളും പ്രേഷിതദൗത്യങ്ങളും അവ പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥ കൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിനുവേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്തപ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷ്യത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കുന്നതിനുള്ള ഒരു വ്യവസ്ഥയായി യേശു തന്റെ ശിഷ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ഠിച്ചു (cf.യോഹ 17:21). ഈ ഏകത്ര കേന്ദ്രീകരണം നിഷ്കൃഷ്ടനിയമാനുസാരിത്വമല്ല. സ്ഥാപനപ്രാധാന്യവാദവുമല്ല. വൈവിധ്യത്തിനു പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസം മുട്ടിപ്പിക്കുന്ന പ്രവൃത്തിയുമല്ല. അത് സുവിശേഷസന്ദേശത്തിൽ കൂടുതൽ ഫലദായകത്വം നല്കുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധ പത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ അനേകം കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷവത്കരണത്തിന്റെ വിസ്തൃതചക്രവാളങ്ങളോടു സംസാരിക്കാനും അയയ്ക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിധ്യം ഉറപ്പാക്കാൻ കഴിയുന്നതിനും വേണ്ടിയാണത്.

പ്രിയ സഹോദരീസഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധ പൗലോസ് ശ്ലീഹ ഇങ്ങനെ പറഞ്ഞു: ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!'' (1 കോറി 9:16). സുവിശേഷം സകല സ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ ''ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു ഞങ്ങൾ കണ്ടതും'' (1 യോഹ 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ - മെത്രാന്മാർ വൈദികർ, സന്യസ്തർ അല്മായർ എന്നിവരുടെ - ദൗത്യം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വപ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രികവിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും അവിടുത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 24 മേയ് 2015, പെന്തക്കൊസ്തത്തിരുനാൾ
ഫ്രാൻസിസ് പാപ്പാ

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025



## C. 26 മനുഷ്യജീവനുവേണ്ടി ശബ്ദമുയരട്ടെ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരൻമാരെ,

ആധുനിക കാലഘട്ടത്തിലെ മനുഷ്യൻ പ്രകൃതിയുടെയും പരിസ്ഥിതിയുടെയും ജീവജാലങ്ങളുടെയും സംരക്ഷണത്തിനായി നിലപാടുകളെടുക്കുന്നുവെന്നത് പ്രതീക്ഷ നൽകുന്ന വസ്തുതയാണ്. എന്നാൽ, മനുഷ്യജീവന് അപകടം വരുത്തുന്ന തെരുവുനായ്ക്കളെ കൊല്ലുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തുകയും, മനുഷ്യന്റെ ആഹാരത്തിനുവേണ്ടി വളർത്തുമൃഗങ്ങളെ കൊല്ലുന്നതിൽ നിരോധനമേർപ്പെടുത്തുകയും ചെയ്യുന്നവർതന്നെ ഏറ്റവും നിസ്സഹായാവസ്ഥയിലുള്ള ഗർഭസ്ഥശിശുക്കളെ ക്രൂരമായി നശിപ്പിക്കുന്നതിന് കൂട്ടുനിൽക്കുന്നു എന്നത് വിരോധാഭാസമായിരിക്കുന്നു! മനുഷ്യജീവന്റെ മഹത്വവും, മൂല്യവും ഉയർത്തിപ്പിടിക്കേണ്ടവർതന്നെ ഗർഭസ്ഥശിശുക്കളെ കൊല്ലാൻ നിയമപരിരക്ഷയുമായി ഇറങ്ങിത്തിരിച്ചിരിക്കുന്നു! ഗർഭധാരണം മുതൽ ജനനം വരെ ഗർഭകാലഘട്ടം പൂർത്തികരിക്കുന്ന ഒരു ശിശുവിനെ അതിന്റെ വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ എപ്പോഴെങ്കിലും വൈദ്യശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും പിൻബലത്തോടെ നിഷ്ഠൂരമായി നശിപ്പിക്കുന്നതിനെയാണ് ഗർഭച്ഛിദ്രം അഥവ ഭ്രൂണഹത്യ എന്ന് പറയുന്നത്. 24 ആഴ്ച വരെ (6 മാസം) പ്രായമായ ഗർഭസ്ഥശിശുക്കളെ കൊല്ലാൻ ഇന്ത്യ ഗവൺമെന്റ് നിയമഭേദഗതിയുമായി പാർലമെന്റിൽ എത്തിയിരിക്കുന്നു! മാത്രമല്ല, ആയുർവേദ, ഹോമിയോ ഡോക്ടർമാർക്കും പരിശീലനം സിദ്ധിച്ച ഏതൊരു നേഴ്സിനും ഗർഭച്ഛിദ്രം നടത്താൻ അനുവാദവും നൽകുന്നു! 1971 ൽ പാസാക്കിയ ഗർഭച്ഛിദ്ര അനുകൂല ബില്ലിൽ ഈ പുതിയ ഭേദഗതികൾ കൂട്ടിചേർക്കുന്നതുവഴി ഗർഭച്ഛിദ്രം വ്യാപകമാകുമെന്നു മാത്രമല്ല, മാരകമായ ഈ തിന്മ ആവർത്തിച്ച് ചെയ്യുന്നതിനും ഗൗരവമില്ലാതെ ഇതിനെ സമീപിക്കുന്നതിനും കാരണമാകുകയും ചെയ്യും. വരാനിരിക്കുന്ന ഈ ഭീകരതയെ മുന്നിൽ കണ്ട് കിരാതമായ ഈ നീക്കത്തോട് ''മാനിഷാദ'' പറയാൻ നമുക്ക് ഏവർക്കും ഗൗരവമായ ഉത്തരവാദിത്വമുണ്ട്.

ഗർഭച്ഛിദ്രം നിയമവിധേയമാക്കണമെന്ന് ശഠിക്കുന്നവർ നിരത്തുന്ന വാദമുഖങ്ങൾ സ്ത്രീയുടെ ആരോഗ്യം, ജീവൻ, അഭിമാനം എന്നിവയും ജനിക്കാനിരിക്കുന്ന കുഞ്ഞിനെ ബാധിച്ചേക്കാവുന്ന ശാരീരിക-മാനസിക രോഗങ്ങളുമാണ്. എന്നാൽ, ''നിഷ്കളങ്കമായ ഒരു ജീവനെ ബോധപൂർവ്വകമായി നശിപ്പിക്കുന്നതിന് മനുഷ്യർ ഉയർത്തുന്ന ഏതു ന്യായവാദവും എത്ര ഗൗരവമുള്ളതായാലും ഒരിക്കലും ന്യായികരിക്കാൻ ആവില്ല'' (ജീവന്റെ സുവിശേഷം ന. 58). ജീവനെ സംബന്ധിച്ച ദൈവിക പദ്ധതി മനസ്സിലാക്കി ജീവന്റെ മഹത്വം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടവർപോലും പലപ്പോഴും പ്രതികരണശേഷിയില്ലാത്തവരായി മാറുന്നത് ദു:ഖകരമാണ്. ''ജീവന്റെ ഉടമസ്ഥനായ ദൈവം ജീവൻ സംരക്ഷിക്കാനുള്ള ഉദാത്തമായ കടമ മനുഷ്യന് യോജിച്ച രീതിയിൽ നിർവ്വഹിക്കാൻ മനുഷ്യനെ ഭരമേൽപ്പിച്ചു. അതുകൊണ്ട്, മനുഷ്യജീവനെ അതിന്റെ ഉത്ഭവത്തിന്റെ ആദ്യ നിമിഷം മുതൽ അതീവ ശ്രദ്ധയോടുകൂടി സംരക്ഷിക്കണം. ഗർഭച്ഛിദ്രവും ശിശുഹത്യയും നീചമായ അതിക്രമങ്ങളാണ്'' (സഭ ആധുനികലോകത്തിൽ G.S. No. 51).

ഗർഭാവസ്ഥയിലുള്ള ഒരു ജീവനും ഭൂമിയിൽ ജീവിക്കുന്ന ഒരു മനുഷ്യനും തമ്മിൽ പ്രാണവ്യത്യാസമില്ല. പ്രായവും സ്ഥലവും മാത്രമേ വ്യത്യാസമുള്ളൂ. മനുഷ്യജീവനെ ഗർഭധാരണത്തിന്റെ പ്രാരംഭ ദശയിൽത്തുടങ്ങി ഏതൊരവസ്ഥയിലും ബഹുമാനത്തോടെ കാണുവാനും, സൂക്ഷ്മതയോടെ സംരക്ഷിക്കുവാനും പ്രതിജ്ഞാബദ്ധമായിരിക്കുന്ന വൈദ്യശാസ്ത്രം തന്നെ ജീവന്റെ സംഹാരകരായി മാറുന്നത് ഭയാനകമായ ക്രൂരത എന്നല്ലാതെ മറ്റെങ്ങനെയാണ് വിശേഷിപ്പിക്കുക! ''തിന്മയെ നന്മയെന്നും നന്മയെ തിന്മയെന്നും, അന്ധകാരത്തെ പ്രകാശമെന്നും, പ്രകാശത്തെ അന്ധകാരമെന്നും വിളിക്കുന്നവർക്കു ദുരിതം'' (ഏശയ്യാ 5:20). ബോധപൂർവ്വകവും പ്രത്യക്ഷവുമായ ഗർഭച്ഛിദ്രം ആപേക്ഷികധാർമ്മികവാദത്തിന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും മറവിൽ വ്യാപകമായും ആവർത്തിച്ചും നിർവ്വഹിക്കുന്നതിനാൽ പലരും മാരകമായ ഈ തിന്മയുടെ ഗൗരവത്തെ ശ്രദ്ധിക്കാതെ പോകുന്നു. ഗർഭച്ഛിദ്രം വഴിയുണ്ടാകാവുന്ന ശാരീരിക-മാനസിക-ധാർമ്മിക ആഘാതങ്ങൾ മാത്രമല്ല ഈ തിന്മ



യ്ക്കെതിരെ നിലക്കൊള്ളാൻ പ്രേരകമാകേണ്ടത്; മറിച്ച്, നമ്മുടെ കർത്താവിന്റെ പ്രബോധനവചനങ്ങളും സഭയുടെ പാരമ്പര്യവും പ്രബോധനാധികാരവും നമുക്ക് വെളിച്ചം നൽകണം. ''കൊല്ലരുത്, കൊല്ലുന്നവൻ ന്യായവിധിക്ക് അർഹനാകും എന്ന് പൂർവ്വികരോട് പറയപ്പെട്ടിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ ഞാൻ നിങ്ങളോട് പറയുന്നു സഹോദരനോട് കോപിക്കുന്നവൻ ന്യായവിധിക്ക് അർഹനാകും'' (മത്താ 5:21). വാക്കുകൊണ്ടുപോലും മറ്റൊരു വ്യക്തിയുടെ മനസ്സിനെ, ജീവനെ, വേദനിപ്പിക്കാൻ ഈശോയുടെ നിയമം അനുവദിക്കുന്നില്ല. ''ഞാൻ വന്നിരിക്കുന്നത് ജീവൻ ഉണ്ടാകാനും അതു സമൃദ്ധമായി ഉണ്ടാകുവാനുമത്രേ'' (യോഹ 10:10) എന്ന് പറഞ്ഞ ഗുരു നമുക്കുവേണ്ടി സ്വജീവൻ ബലിയായി നല്കി നമ്മെ നിത്യജീവനിലേക്ക് നയിച്ചു. ''ശിശുക്കൾ എന്റെ അടുക്കൽ വരാൻ അനുവദിക്കുവിൻ, നിങ്ങൾ അവരെ തടയരുത്'' (മത്താ 19:14) എന്നരുൾച്ചെയ്ത ഈശോ, ക്രൂരമായ ഓരോ ഗർഭച്ഛിദ്രത്തിലും എത്രയധികം വേദനയനുഭവിക്കുന്നു!

ജീവദായകനായ ഈശോയെപ്പോലെ ജീവന്റെ വാഹകരും പ്രഘോഷകരുമാകേണ്ട നാം ജീവന്റെ ജനമായി മാറേണ്ടവരാണ്. എന്നാൽ, ജീവസംസ്കാരത്തെ പരിപോഷിപ്പിക്കാതെ മരണസംസ്കാരത്തെ പ്രോത്സാഹിക്കുന്നവരുടെ എണ്ണം കൂടി വരുന്നു എന്നത് തികച്ചും ഖേദകരമാണ്. മാതൃത്വത്തിന്റെ മഹത്വവും മനുഷ്യജീവന്റെ മൂല്യവും സ്വജീവിതത്തിലൂടെ പ്രഘോഷിച്ച് സ്വജീവൻപോലും അപകടത്തിലാക്കിക്കൊണ്ട് ഗർഭസ്ഥശിശുക്കളെ സംരക്ഷിച്ച് ധീരമാതൃക നൽകിയ അനേകം അമ്മമാർ സഭയിലുണ്ട്. അവരുടെ മാതൃക നമുക്കു പ്രചോദനമാണ്. ഈശോയുടെ അമ്മയായ പരി. കന്യകാമറിയം ജീവനെസംബന്ധിച്ച ദൈവികപദ്ധതി മനസ്സിലാക്കി അനുസരണം നൽകിയപ്പോൾ, ലോകം മുഴുവനും വേണ്ടിയുള്ള രക്ഷകൻ ജനിച്ചു. ''യേശുക്രിസ്തുവിന്റെ ജനനം ഇപ്രകാരമായിരുന്നു: അവന്റെ മാതാവായ മറിയവും ജോസഫും തമ്മിലുള്ള വിവാഹനിശ്ചയം കഴിഞ്ഞിരിക്കെ അവർ സഹവസിക്കുന്നതിനുമുമ്പ് അവൾ

പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി കാണപ്പെട്ടു'' (മത്താ 1:18). യഹൂദ നിയമ പശ്ചാത്തലത്തിൽ, വി. യൗസേപ്പിതാവ് മറിയത്തെ പരസ്യമായി ഉപേക്ഷിച്ചിരുന്നെങ്കിൽ അമ്മയും ഗർഭസ്ഥ ശിശുവും കല്ലെറിഞ്ഞ് കൊല്ലപ്പെടുമായിരുന്നു. ദൈവപദ്ധതിയോട് അനുസരണം നൽകിയ മറിയവും യൗസേപ്പും ഉണ്ണീശോയുടെ ജീവൻ സംരക്ഷിക്കാൻ നൽകിയ മാതൃക ഇന്നത്തെ കുടുംബങ്ങൾക്ക് ഗർഭസ്ഥ ശിശുക്കളെ സംരക്ഷിക്കാൻ പ്രേരകമാകണം. നാളെയുടെ ആവശ്യങ്ങൾക്കും പ്രതീക്ഷകൾക്കും ഉത്തരമാകാൻ ദൈവം അയക്കുന്ന അനുഗ്രഹമായി, ഓരോ ജീവനെയും വിലമതിക്കാനും സ്വീകരിക്കാനും ഓരോ അമ്മയും തയ്യാറാകുമ്പോൾ ജീവന്റെ മഹത്വം പ്രഘോഷിക്കപ്പെടും. ആധുനിക കാലഘട്ടത്തിലെ വി. ജാന്ന ബരേറ്റ മോള തന്റെ ഗർഭസ്ഥശിശുവിനെ രക്ഷിക്കാൻ ക്യാൻസറിന്റെ മുൻപിൽ ജീവൻ ത്യജിച്ച ധീര മാതാവാണ്. ഓരോ ഗർഭസ്ഥശിശുവും ദൈവത്തിന് മനുഷ്യരോടുള്ള അവികലമായ സ്നേഹത്തിന്റെയും ദൃഢമായ ബന്ധത്തിന്റെയും പ്രതീകമാണെങ്കിൽ എന്തുകാരണമാണ് നമുക്ക് ഗർഭച്ഛിദ്രത്തെ അനുകൂലിക്കാൻ കണ്ടെത്താനാവുക?

എവിടെയെല്ലാം അമ്മയുടെ ഉദരത്തിൽ മനുഷ്യജീവൻ ഭീഷണി നേരിടുന്നുവോ അവിടെയെല്ലാം ജീവനുവേണ്ടി പൊരുതുവാൻ ഞാൻ ഉണ്ടാകുമെന്ന് പഠിപ്പിച്ച വി. ജോൺ പോൾ രണ്ടാമന്റെ പ്രചോദനവും മാദ്ധ്യസ്ഥ്യവും സ്വീകരിച്ച് നമുക്കും പ്രതികരിക്കാം. കരുണയുടെ വിശുദ്ധ വത്സരത്തിനൊരുങ്ങുന്ന ഈ കാലഘട്ടത്തിൽ ഗർഭച്ഛിദ്രത്തിനെതിരെ നമുക്കും അണിചേരാം. ഗർഭച്ഛിദ്രം വർദ്ധിക്കുന്നതിനും വ്യാപകമാകുന്നതിനും കാരണമാകുന്ന ഗർഭച്ഛിദ്ര നിയമഭേദഗതിക്കെതിരെ ഇടുക്കി രൂപതാ കുടുംബവും ഒറ്റക്കെട്ടായി പോരാടേണ്ടതുണ്ട്. 2015 സെപ്റ്റം. 29 മുതൽ ഒക്ടോ. 3 വരെ രൂപതയിലെ മാതൃവേദിയുടേയും കുടുംബപ്രേഷിത കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ''ജീവൻ സംരക്ഷണ സന്ദേശയാത്ര''സംഘടിപ്പിക്കുന്നു. ഈ യാത്രകളിലൂടെ ഗർഭച്ഛിദ്ര ഭേദഗതി നിയമത്തിനെതിരെ ബോധവത്കരണവും ഒപ്പുശേഖരണവും പ്രതിഷേധ റാലിയും



നടത്തപ്പെടുകയാണ്. നമ്മുടെ രൂപതയിലെ വൈദികരും സമർപ്പിതരും അല്മായരും ഈ ദൗത്യത്തിൽ പങ്കെടുത്തും പ്രോത്സാഹിപ്പിച്ചും സഹകരിച്ചും ജീവന്റെ മഹത്വം പ്രഘോഷിക്കണം. 2015 ഒക്ടോ. 3 ന് ചെറുതോണിയിൽ നടത്തപ്പെടുന്ന റാലിയിലും പൊതുസമ്മേളനത്തിലും എല്ലാ ഇടവകകളുടെയും കുടുംബങ്ങളുടെയും പങ്കാളിത്തം നൽകി പ്രതികരിക്കാനും പ്രതിഷേധിക്കാനും നമുക്കേവർക്കും ഒരുമിക്കാം. എല്ലാവരുടെയും തീക്ഷ്ണമായ പ്രാർത്ഥന ഈ വിഷയത്തിൽ പ്രതീക്ഷിച്ചുകൊണ്ട്,

പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ നിങ്ങളെ ഞാൻ ആശീർവദിക്കുന്നു.

മാർ മാത്യു ആനിക്കുഴിക്കാട്ടിൽ
ഇടുക്കി രൂപതാ മെത്രാൻ

NB: ഈ സർക്കുലർ ഒക്ടോബർ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച വി. കുർബാനമദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.



## C. 27 ഗർഭച്ഛിദ്രമെന്ന പാപം മോചിക്കാൻ കുമ്പസാരക്കാർക്ക് പ്രത്യേക അധികാരം

ഫ്രാൻസീസ് പാപ്പ പ്രഖ്യാപിച്ചിരിക്കുന്ന കരുണയുടെ വർഷത്തിൽ എല്ലാ കുമ്പസാരക്കാർക്കും ഗർഭച്ഛിദ്രമെന്ന പാപം മോചിക്കാനുള്ള അധികാരം ഉണ്ടായിരിക്കും എന്ന് പാപ്പാ വ്യക്തമാക്കി. നവസുവിശേഷീകരണത്തിനുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ തലവന് 2015 സെപ്റ്റംബർ 1 ന് അയച്ച കത്തിലാണ് മാർപാപ്പ ഇക്കാര്യം അറിയിച്ചിരിക്കുന്നത്. 2015 ഡിസംബർ 8 മുതൽ 2016 നവംബർ 20 വരെയാണ് കരുണയുടെ വർഷം.നിലവിലുള്ള സഭാനിയമത്തിൽ താത്ക്കാലികമായി ഇളവു വരുത്തിക്കൊണ്ടാണ് പാപ്പാ ഈ തീരുമാനമെടുത്തിരിക്കുന്നത്.' 'ദൈവകരുണയിൽനിന്ന് ആരും ഒഴിവാക്കപ്പെടരുത്" എന്ന പാപ്പായുടെ പ്രഖ്യാപിത ആഭിമുഖ്യമനുസരിച്ചാണ് അജപാലനപരമായ ഈ തീരുമാനം.

നിലവിലുള്ള സഭാനിയമമനുസരിച്ച് ഗർഭച്ഛിദ്രം "പിടിക്കപ്പെട്ട പാപ"മാണ് (reserved sin). അതായത്, കുമ്പസാരക്കാരന് നേരിട്ട് മോചിക്കാൻ അധികാരമില്ലാത്ത പാപം. പൊതുനിയമപ്രകാരം ഗർഭച്ഛിദ്രം മോചിക്കാനുള്ള അധികാരം രൂപതാമെത്രാന് സംവരണം ചെയ്യപ്പെട്ടതാണ് (CCEO 728 §2, CIC 1398). ഇതനുസരിച്ച്, ഒരാൾ ഗർഭച്ഛിദ്രം നടത്തി എന്ന് കുമ്പസാരിച്ചാൽ അയാൾക്ക് ഉടനടി പാപമോചനം കൊടുത്തുവിട്ടുകൂടാ. ആ വ്യക്തിക്ക് പാപമോചനം നൽകാനുള്ള അധികാരം മെത്രാനിൽനിന്ന് കുമ്പസാരക്കാരൻ വാങ്ങണം. ഗർഭച്ഛിദ്രം ഏറ്റുപറയുന്ന ഓരോ അനുതാപിക്കുവേണ്ടിയും കുമ്പസാരക്കാരൻ ഇത് ചെയ്യണം. എന്നിട്ടേ പാപമോചനം നൽകാവൂ.ഫലത്തിൽ, ഗർഭച്ഛിദ്രം ഏറ്റുപറയുന്നയാൾ വൈദികൻ നിശ്ചയിച്ചുതരുന്ന ദിവസങ്ങളിലൊന്നിൽ വീണ്ടും വന്ന് പാപം ഏറ്റുപറഞ്ഞ് പാപമോചനം നേടണം. കുമ്പസാരക്കാരനോ മെത്രാനോ ഈ പാപം ഏറ്റുപറഞ്ഞ അനുതാപി ആരാണെന്ന് തിരിച്ചറിയേണ്ട കാര്യമില്ല.



ഗർഭച്ഛിദ്രം നടത്തുന്ന വ്യക്തികൾ അതിമാത്രം ദൈവകരുണ അർഹിക്കുന്നു എന്ന് സഭക്ക് ബോധ്യമുണ്ട്. അവർ ആ പാപത്തിന്റെ പേരിൽ നീറിക്കഴിയുന്നുമുണ്ടാകാം. അതേസമയം ഗർഭച്ഛിദ്രത്തിന്റെ ഗൗരവം അനുതാപിയെ ബോധ്യപ്പെടുത്തേണ്ടതുമുണ്ട്. അതിനാലാണ് സഭാനിയമം മുകളിൽപറഞ്ഞ നിബന്ധന വച്ചിരിക്കുന്നത്. അതായത്, ഏറ്റവും നിഷ്ക്കളങ്കവും ഏറ്റവും നിസ്സഹായവുമായ ജീവനെ അമ്മയുടെ ഗർഭപാത്രത്തിൽവച്ച് നശിപ്പിച്ചശേഷം എളുപ്പത്തിൽ ഒരു കുമ്പസാരത്തിലൂടെ പാപമോചനംനേടി ഈ പാപത്തെ നിസ്സാരമായി കാണാതിരിക്കാനാണ് ഈ നിബന്ധന. എന്നിരുന്നാലും ഈ നിബന്ധനക്ക് ഇളവ് അനുവദിച്ചിട്ടുള്ള സന്ദർഭങ്ങൾ സഭയിലുണ്ട്. ഉദാഹരണത്തിന്, മംഗളവാർത്താക്കാലം, നോമ്പുകാലം, വാർഷികധ്യാനം, ഇടവകയിലെ പ്രധാന തിരുനാൾ, ധ്യാനകൺവെൻഷനുകൾ എന്നീ അവസരങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും. അതായത്, ഇത്തരം വേളകളിലും സ്ഥലങ്ങളിലും വൈദികർക്ക് മെത്രാനിൽനിന്ന് മുൻകൂർ അധികാരം നേടാതെതന്നെ ഗർഭച്ഛിദ്രമെന്ന പാപം മോചിക്കാം. അങ്ങനെ ചെയ്യുമ്പോഴും ഈ പാപത്തിന്റെ ഗൗരവം അനുതാപിയെ കുമ്പസാരക്കാരൻ ബോധ്യപ്പെടുത്തിക്കൊടുക്കണം. അസാധാരണ അവസരങ്ങളിൽമാത്രം ഉപയോഗിക്കാമായിരുന്ന ഈ അനുകൂല്യം കരുണയുടെ വർഷം മുഴുവനിലേക്കും മാർപാപ്പ വ്യാപിപ്പിച്ചിരിക്കുന്നു.

മാർപാപ്പ ഇപ്പോൾ അനുവദിച്ചിരിക്കുന്ന ഈ ആനുകൂല്യത്തിന്റെ അർത്ഥം ഗർഭച്ഛിദ്രം എന്ന പാപത്തിന്റെ ഗൗരവം അദ്ദേഹം കുറച്ചുകാണുന്നു എന്നല്ല. പാപത്തിന്റെ ഗൗരവത്തേക്കാൾ വലുതാണ് ദൈവകാരുണ്യം എന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുന്നു എന്നുമാത്രം.' 'അനുതാപികളെ സ്വാഗതം ചെയ്തും ചെയ്തുപോയ പാപത്തിന്റെ ഗൗരവം വ്യക്തമാക്കിക്കൊണ്ടും ശരിക്കുള്ള മാനസാന്തരത്തിന്റെ വഴി പറഞ്ഞുകൊടുത്തുകൊണ്ടും തന്റെ സാന്നിദ്ധ്യത്താൽ സകലതും നവീകരിക്കുന്ന ദൈവപിതാവിന്റെ ഉദാരമായ കാരുണ്യം സ്വീകരിക്കാൻ അവരെ അർഹരാക്കിക്കൊണ്ടും വൈദികർ ഈ കടമ പൂർത്തിയാക്കണം.'' ഇതാണ് പാപ്പായുടെ വാക്കുകൾ.

C. 28 **സർക്കുലർ**

## ദീപിക : നമ്മുടെ പത്രം

നമ്മുടെ രാജ്യം പുരോഗതിയിലേക്ക് പടിപടിയായി നീങ്ങുന്നതു നമ്മെ സന്തോഷിപ്പിക്കുന്നു. ഭരണാധികാരികൾക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. ഒരു രാജ്യത്തെ നിലനിർത്തുന്നത് അതിന്റെ പാർലമെന്ററി സിസ്റ്റവും ജുഡീഷ്യറിയും എക്സിക്യൂട്ടീവുമാണല്ലോ. പ്രസ്തുത സമിതികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുവാൻ മാധ്യമങ്ങളുടെ സേവനം അനിവാര്യമാണ്.

വിവിധ മത-ഭാഷാ വിഭാഗങ്ങൾ ഒന്നുചേർന്ന വലിയൊരു റിപ്പബ്ലിക്കാണ് ഭാരതം. എല്ലാ മതവിഭാഗങ്ങൾക്കും തുല്യസ്ഥാനവും ന്യൂനപക്ഷങ്ങൾക്കു സുരക്ഷയും ഭരണഘടന ഉറപ്പു നല്കുന്നു. എന്നാൽ, ഭരണഘടന വിഭാവനം ചെയ്യുന്ന സുരക്ഷാസംവിധാനങ്ങളെ തൃണവൽഗണിക്കുന്ന സംരംഭങ്ങൾ അവിടവിടെ ഇന്നു പ്രകടമാണ്. ഇവയ്ക്കെതിരെ ബോധവത്കരണം ആവശ്യമാണ്. അഭയാർത്ഥി പ്രവാഹത്തിന്റെ വീർപ്പുമുട്ടലിൽ യൂറോപ്യൻ രാജ്യങ്ങൾ വിഷമിക്കുന്നതിന്റെ പിന്നിലെ കാര്യങ്ങൾ വ്യക്തമാണല്ലോ. വർഗ്ഗീയ ധ്രുവീകരണങ്ങളും ഫാസിസ്റ്റു പ്രലോഭനങ്ങളും നമ്മെ തളർത്താനേ ഉപകരിക്കുകയുള്ളു.

ഈ സാഹചര്യത്തിലാണ് മലയാളത്തിലെ പ്രഥമ ദിനപ്പത്രമായ ദീപികയുടെ പ്രസക്തി എടുത്തുപറയേണ്ടത്. ന്യൂനപക്ഷ സുരക്ഷയ്ക്കും, നമ്മുടെ സമൂഹത്തന്റെ നിലനില്പിനും ദീപികയെ ശക്തിപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനാൽ നമ്മുടെ എല്ലാ കുടുംബങ്ങളിലും ദീപിക ഉണ്ടാകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതിനായി വികാരിയച്ചന്മാരോടുചേർന്ന് എല്ലാ സംഘടനകളും പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും സഹകരിക്കണം.

ദീപികയ്ക്ക് പുതിയ സാരഥികൾ ചുമതലയേറ്റതറിഞ്ഞുകാണുമല്ലോ. അവർ മുന്നോട്ടുവയ്ക്കുന്ന പദ്ധതികളോടും പൂർണമായും സഹകരിക്കണം.



കേരള കത്തോലിക്കാസഭയുടെയും സഭാതനയരുടേയും ശബ്ദം സമൂഹത്തിലെത്തിക്കുവാനുള്ള മാധ്യമമെന്ന നിലയിൽ ദീപിക ചെയ്തുവരുന്ന പ്രവർത്തനങ്ങൾക്ക് ശക്തിപകരുവാൻ ദീപികയുടെ സമഗ്രവളർച്ച അത്യന്താപേക്ഷിതമാണ്. മാധ്യമങ്ങളുടെ ധാർമിക അടിത്തറയിലെ വിള്ളൽ അപകടകരമാം വിധം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ധാർമിക മൂല്യങ്ങളെ മുറുകെപ്പിടിക്കുകയും സഭയോടൊത്ത് ചിന്തിക്കുകയും സഭാവിശ്വാസികൾക്ക് കരുത്തു പകരുകയും ചെയ്യുന്ന ദീപികയുടെ പ്രചാരകരാകേണ്ടത് ഇന്നിന്റെ അനിവാര്യതയാണ്. മാധ്യമങ്ങളെ ശരിയായി വിലയിരുത്തുവാനും സഭയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് പ്രയോജനപ്പെടുത്തുവാനും കഴിവും ആർജവവുമുള്ള ഒരു കൂട്ടായ്മ ഇടവക തോറും രൂപപ്പെടണം. അതോടൊപ്പം തകർന്നടിഞ്ഞുകൊണ്ടിരിക്കുന്ന കാർഷിക മേഖലയെ സംരക്ഷിക്കുവാനും കൈപിടിച്ചുയർത്തുവാനുമുള്ള തീവ്രശ്രമത്തിന് ശക്തിപകരുവാൻ ദീപികയെന്നും നിങ്ങൾക്കൊപ്പമുണ്ടായിരിക്കും. കേരളകത്തോലിക്കാ സഭയുടെ സംഘടിത പ്രവർത്തനം വഴി ദീപികയുടെ സമഗ്രവളർച്ചയും പൊതുസമൂഹത്തിൽ നമ്മുടെ സ്വീകാര്യതയും ഉയർത്തിപ്പിടിക്കുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതിനായി ഒരു നൂതന പ്രവർത്തന പദ്ധതി ആവിഷ്കരിക്കുകയാണ്.

ഈ പദ്ധതിയിലൂടെ ദീപിക ദിനപ്പത്രത്തിന്റെ കോപ്പികൾ 10 ലക്ഷത്തിൽ എത്തിക്കുക, സഭയെ സംബന്ധിച്ചും പൊതുസമൂഹത്തിലെ വിഷയങ്ങളെ സംബന്ധിച്ചും അവഗാഹമുള്ള സമൂഹത്തെ ഇടവകതലത്തിൽ സജ്ജമാക്കുക, ആത്മാർത്ഥതയും സേവനതത്പരതയുമുള്ള ഏജന്റുമാരെ ദീപികയ്ക്കുവേണ്ടി മാത്രമായി വളർത്തിയെടുക്കുക, പരസ്യങ്ങൾ ശേഖരിക്കുക, പബ്ളിക് റിലേഷൻസ് പരിപാടികൾ സംഘടിപ്പിക്കുക, ഇടവകയിലെ എല്ലാ വീടുകളിലും ദീപിക വാർഷിക വരിസംഖ്യ പദ്ധതിപ്രകാരം ദീപിക ദിനപ്പത്രം എത്തിക്കുക തുടങ്ങിയവയും ഇതിലൂടെ ലക്ഷ്യമിടുന്നു.

ഇടവകതലത്തിൽ ദീപികയുടെ പ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നതിനും ഇടവകയിലെ ഭവനങ്ങളിൽ ദീപിക

വാർഷിക കോപ്പികളായി എത്തിക്കുന്നതിനും പത്രവിതരണം കാര്യക്ഷമമായി നടക്കുന്നതിനും ചുമതലയുള്ള ഇടവകതല യൂണിറ്റാണ് ഡി.എഫ്.സി. (Deepika Friend's Club, DFC).

ഇടവകയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ സംഘടനകളുടെ മൂന്നു പ്രതിനിധികൾ വീതം അടങ്ങുന്ന ഒരു യൂണിറ്റാണ് ഡി.എഫ്.സി. (പാരിഷ് കൗൺസിൽ, കത്തോലിക്കാ കോൺഗ്രസ്, കുടുംബക്കൂട്ടായ്മ, വിൻസെന്റ് ഡി. പോൾ, ക്രെഡിറ്റ് യൂണിയൻ, കെ.സി.വൈ.എം., സി.എം.എൽ., സി.എൽ.സി., മാതൃ-പിതൃവേദി, കെ.എൽ.എം. തുടങ്ങിയ സംഘടനകൾ).

എല്ലാ ഇടവകകളിലും ദീപിക സൗഹൃദസംഘങ്ങളുണ്ടാകണം. അതിന് ഇടവക, ഫൊറോന, രൂപതാ സമിതികൾ നിലവിൽ വരണം. ഡിസംബർ ഒന്നിനു മുമ്പായി എല്ലാ സമിതികളും രൂപീകരിക്കാൻ താത്പര്യപ്പെടുന്നു.

എല്ലാ സംരംഭങ്ങളും പരിശുദ്ധ ദൈവമാതാവിന്റെ സംരക്ഷണയ്ക്കു ഭരമേല്പിച്ചുകൊണ്ടും ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ. ആമ്മേൻ.

NB: ഈ സർക്കുലർ ഒക്ടോബർ മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും വായിക്കണം.





# രൂപതക്കച്ചേരി

**C. 84/15 വൈദികർക്കായുള്ള സ്റ്റഡി ഫോറം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. വൈദികർക്കായി സ്റ്റഡി ഫോറം 2015 ഒക്ടോബർ 14, 15 തീയതികളിൽ നടത്തപ്പെടുന്നു. ബഹു. വൈദികരെല്ലാവരും സ്റ്റഡി ഫോറത്തിൽ പങ്കെടുക്കേണ്ടതാണ്.

അടിമാലി : ഒക്ടോബർ 14 (ബുധൻ)
വെള്ളയാംകുടി : ഒക്ടോബർ 15 (വ്യാഴം)
സമയം: 10.00 am - 4.00 pm

**C. 85/15 ഒക്ടോബർ മാസവും ജപമാല ഭക്തിയും**

നമ്മുടെ ഇടവകകളിലും പ്രത്യേകമായി ഓരോ ഭവനത്തിലും ഒക്ടോബർ മാസം ജപമാലയുടെ മാസമായി ഉചിതമായി ആചരിക്കുവാൻ പരിശ്രമിക്കേണ്ടതാണ്. കൂടുതൽ ത്യാഗപൂർവ്വം വി. കുർബാനയിലും, ജപമാലയിലും, ദിവ്യകാരുണ്യ ആരാധനയിലും പങ്കെടുക്കുവാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

**C. 86/15 മിഷൻ ഞായർ**

ഒക്ടോബർ 18-ാം തീയതി സഭ ആഗോള തലത്തിൽ മിഷൻ ഞായർ ആഘോഷിക്കുന്നു. മിഷൻ ഞായർ സമുചിതമായി ആചരിച്ചുകൊണ്ട് നമുക്കു സഭയുടെ പ്രേഷിതപ്രവർത്തനങ്ങളിൽ സഹകരിക്കാം. മിഷൻ ഞായറിനോടനുബന്ധിച്ചുള്ള മിഷൻ പിരിവ് എല്ലാ ഇടവകകളിലും നടത്തേണ്ടതാണ്. ആ പിരിവിലൂടെ ലഭിക്കുന്ന തുക എത്രയും വേഗം രൂപതാ കാര്യാലയത്തിൽ ഏല്പിക്കേണ്ടതാണ്.

**C. 87/15 'കനിവ്' - സംഗമം**

മാനസിക ആരോഗ്യരംഗത്ത് ജനപങ്കാളിത്തത്തോടെ 2009 മുതൽ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനയാണ് 'കനിവ്'. എറണാകുളം - അങ്കമാലി അതിരൂപത സഹായമെത്രാൻ മാർ സെബാസ്റ്റ്യൻ

എടയന്ത്രത്ത് രക്ഷാധികാരിയായിട്ടുള്ള ഈ സംഘടന ജാതിമതഭേദമെന്യേ സാമൂഹ്യസേവന പുനരധിവാസ മേഖലകളിൽ പ്രവർത്തിച്ചുവരുന്നു. മാനസികരോഗികളുടെ പുനരധിവാസം, ചികിത്സ, നിയമസഹായം, പരിശീലന ക്ലാസ്സുകൾ, ബോധവൽക്കരണ സെമിനാറുകൾ തുടങ്ങിയ കാര്യങ്ങൾ നടത്തിവരുന്ന കനിവ്, കേരള ലീഗൽ സർവീസ് അതോറിറ്റിയും ഇന്ത്യൻ സൈക്യാട്രിക് സൊസൈറ്റിയുമായി ചേർന്ന് സാധാരണക്കാരായ മാനസികരോഗികളുടേയും പുനരധിവാസ കേന്ദ്രങ്ങളുടേയും നന്മയ്ക്കായി നിയമനിർമ്മാണത്തിലും സർക്കാർ ഇടപെടലുകളിലും നിർണ്ണായകമായ പങ്കുവഹിച്ചുവരുന്നു.

മാനസികരോഗം മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന അനേകർ നമ്മുടെ ഇടയിലുണ്ട്. അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്, ഈ വിഷയത്തിൽ തത്പരരായ ആളുകളുടെയും രോഗികളുടെ ബന്ധുക്കളുടെയും ശുശ്രൂഷകരുടെയും സംരക്ഷകരുടെയും ഒരു സംഗമം ലോകമാനസികാരോഗ്യദിനമായ ഒക്ടോബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഉച്ചകഴിഞ്ഞ് 3.00 മണിവരെ മുരിക്കാശ്ശേരി സെന്റ് മേരീസ് എൽ.പി. സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. വിദഗ്ദരായ ഡോക്ടർമാരും സാമൂഹ്യപ്രവർത്തകരും അഭിഭാഷകരും പങ്കെടുക്കുന്ന ഈ സൗജന്യ പരിശീലന പരിപാടിയിൽ ജാതിമതഭേദമെന്യേ തത്പരരായ എല്ലാവരേയും പങ്കെടുപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

## C. 88/15 **തിരുനാൾ മംഗളങ്ങൾ**

| | |
|---|---|
| വെരി റവ. ഫാ. ഫ്രാൻസീസ് ഇടവക്കണ്ടം | ഒക്ടോബർ 4 |
| റവ. ഫാ. ഫ്രാൻസീസ് കോലോത്ത് | ,, |
| റവ. ഫാ. ഫ്രാൻസീസ് ചുനയന്മാക്കൽ | ,, |
| റവ. ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ | ,, |
| വെരി റവ. ഫാ. അബ്രാഹം പുറയാറ്റ് | ഒക്ടോബർ 9 |
| വെരി റവ. ഫാ. ലൂക്ക് ആനിക്കുഴിക്കാട്ടിൽ | ഒക്ടോബർ 18 |
| റവ. ഫാ. ലൂക്ക് തച്ചാപറമ്പത്ത് | ,, |
| റവ. ഫാ. സഖറിയാസ് കുമ്മണ്ണൂപറമ്പിൽ | നവംബർ 5 |
| റവ. ഫാ. സഖറിയാസ് പുതിയാപറമ്പിൽ | ,, |
| റവ. ഫാ. സഖറിയാസ് കുറുപ്പശ്ശേരിൽ | ,, |
| റവ. ഫാ. സ്കറിയ ഉറുമ്പിൽ | ,, |





## C. 89/15 **അഖണ്ഡ ആരാധന**

സമർപ്പിത വർഷാചരണത്തിന്റെ ഭാഗമായി രൂപതയിലെ സമർപ്പിതസമൂഹങ്ങളിൽ അഖണ്ഡാരാധന നടത്തിവരുകയാണല്ലോ. 13 മണിയാരാധന ആയിട്ടാണ് അഖണ്ഡാരാധന നടത്തേണ്ടത്. അതാതു ഇടവകകളിലെ ബഹുമാനപ്പെട്ട വികാരിയച്ചനുമായി ആലോചിച്ച് ഇടവക ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ആരാധന നടത്തി സമർപ്പിതർക്കുവേണ്ടി തുടർന്നും പ്രാർത്ഥിക്കുവാൻ ബഹു. സമർപ്പിതർ ശ്രദ്ധിക്കുമല്ലോ. നവംബർ 1 മുതൽ ഫെബ്രുവരി 1 വരെയുള്ള അഖണ്ഡാരാധനയുടെ ദിവസ ക്രമീകരണമാണ് താഴെ കൊടുത്തിരിക്കുക. അഖണ്ഡാരാധന രാത്രിയിൽ നടത്തേണ്ടതില്ല.

| | | |
|---|---|---|
| നവംബർ | 1 | സി.എസ്.എൻ. കോൺവെന്റ്, നാലുമുക്ക് |
| | 2 | സി.എസ്.എൻ. കോൺവെന്റ്, സ്നേഹഗിരി |
| | 3 | സി.എസ്.എൻ. കോൺവെന്റ്, മഞ്ഞപ്പാറ |
| | 4 | എം.എസ്.ജെ. കോൺവെന്റ്, എല്ലക്കൽ |
| | 5 | എം.എസ്.ജെ. കോൺവെന്റ്, കോഴിമല |
| | 6 | ഡി.എം. കോൺവെന്റ്, കിളിയാർകണ്ടം |
| | 7 | ഡി.എം. കോൺവെന്റ്, പല്ലനാട് |
| | 8 | സി.എസ്.എം. കോൺവെന്റ്, മുക്കുടം |
| | 9 | ഡി.ഡി.എസ്. കോൺവെന്റ്, തങ്കമണി |
| | 10 | എഫ്.എസ്.ഡി. കോൺവെന്റ്, നെടുംകണ്ടം |
| | 11 | എഫ്.എസ്.ഡി. കോൺവെന്റ്, തോപ്രാംകുടി |
| | 12 | എഫ്.എസ്.എൽ.ജി. കോൺവെന്റ്, വാഴത്തോപ്പ് |
| | 13 | എഫ്.എം.എം. കോൺവെന്റ്, മഞ്ഞപ്പട്ടി |
| | 14 | എഫ്.എസ്.എച്ച്.എ. കോൺവെന്റ്,തങ്കമണി |
| | 15 | സി.എച്ച്.എഫ്. കോൺവെന്റ്, ചിന്നാർനിരപ്പ് |
| | 16 | എസ്.കെ.ഡി. കോൺവെന്റ്, മേരിലാന്റ് |
| | 17 | എൽ.എ.ആർ. കോൺവെന്റ്, വെള്ളക്കയം |
| | 18 | ഡി.എസ്.റ്റി. കോൺവെന്റ്, കരിമ്പൻ |
| | 19 | ഡി.എസ്.റ്റി. കോൺവെന്റ്, നീലിവയൽ |

20 എം.എൽ.എഫ്. കോൺവെന്റ്, ബൈസൻവാലി
21 എൻ.എസ്. കോൺവെന്റ്, പേഴുംകണ്ടം
22 എസ്.എം.സി. കോൺവെന്റ്, ചെല്ലിയാംപാറ
23 എസ്.എം.സി. കോൺവെന്റ്, മുരിക്കാശ്ശേരി
24 എസ്.എം.സി. കോൺവെന്റ്, പെരിഞ്ചാംകുട്ടി
25 എസ്.എം.സി. കോൺവെന്റ്, ശാന്തിഗ്രാം
26 എസ്.എം.എം.ഐ. കോൺവെന്റ്, മണിയാറൻകുടി
27 എഫ്.എം.എ. കോൺവെന്റ്, കനകക്കുന്ന്
28 എസ്.സി.എസ്.സി. കോൺവെന്റ്, നെടുംകണ്ടം
29 എസ്.എം.എസ്. കോൺവെന്റ്, മുളകുവള്ളി
30 എസ്.എം.എസ്. കോൺവെന്റ്, കുത്തുപാറ
ഡിസംബർ 1 എസ്.എം.എസ്. കോൺവെന്റ്, ഇരട്ടയാർ
2 ദൈവമാതാ ആശ്രമം, മാങ്കടവ്
3 എസ്.സി.ജെ.ജി. കോൺവെന്റ്, ആൽപാറ
4 എസ്.സി.സി.ജി. കോൺവെന്റ്, രാജാക്കാട്
5 സി.എസ്.എസ്. കോൺവെന്റ്, രാജകുമാരി
6 എം.എം.എസ്. കോൺവെന്റ്, നെടുംകണ്ടം
7 സി.എം.ഐ. ആശ്രമം, അടിമാലി
8 സി.എം.ഐ. ആശ്രമം, കാൽവരിമൗണ്ട്
9 സി.എം.ഐ. ആശ്രമം, പാറേമാവ്
10 സി.എം.ഐ. ആശ്രമം, കൊരണ്ടക്കാട്
11 സി.എം.ഐ. ആശ്രമം, വട്ടവട
12 സി.എം.എഫ്. ആശ്രമം, വെൺമണി
13 സി.എസ്.റ്റി. ആശ്രമം, മുല്ലക്കാനം
14 സി.എസ്.എസ്.ആർ. ആശ്രമം, മച്ചിപ്ലാവ്
15 സി.എസ്.റ്റി. ബ്രദേഴ്സ്, കാന്തിപ്പാറ
16 എം.സി.ബി.എസ്. ആശ്രമം, കോമ്പയാർ
17 എം.സി.ബി.എസ്. ആശ്രമം, ഉടുംമ്പൻചോല
18 ഒ. കാർമെലിറ്റിസ് ആശ്രമം, മരിയാപുരം
19 ഒ.സി.ഡി. ആശ്രമം, ചെങ്കുളം
20 ഒ.എഫ്.എം. (Cap.) ആശ്രമം, കട്ടപ്പന
21 ഒ.എഫ്.എം. (Cap.) ആശ്രമം, തോപ്രാംകുടി
22 ഒ.എഫ്.എം. (Cap.) ആശ്രമം, എടമറ്റം



23 ഒ.എഫ്.എം. (Conv.) ആശ്രമം, വെള്ളയാംകുടി
24 എസ്.എ.സി. ആശ്രമം, കുതിരക്കല്ല്
25 വി.സി. ആശ്രമം, പടമുഖം
26 വി.സി. ആശ്രമം, സഹായഗിരി
27 സി.എം.സി. കോൺവെന്റ്, അടിമാലി
28 സി.എം.സി. കോൺവെന്റ്, ആയിരമേക്കർ
29 സി.എം.സി. കോൺവെന്റ്, ബഥേൽ
30 സി.എം.സി. കോൺവെന്റ്, കാൽവരി മൗണ്ട്
31 സി.എം.സി. കോൺവെന്റ്, ഇടുക്കി
ജനുവരി 1 സി.എം.സി. കോൺവെന്റ്, കൈലാസം
2 സി.എം.സി. കോൺവെന്റ്, കല്ലാർ
3 സി.എം.സി. കോൺവെന്റ്, കൂമ്പൻപാറ
4 സി.എം.സി. കോൺവെന്റ്, കൊരണ്ടികാട്
5 സി.എം.സി. കോൺവെന്റ്, മച്ചിപ്ലാവ്
6 സി.എം.സി. കോൺവെന്റ്, മഞ്ഞപ്പാറ
7 സി.എം.സി. കോൺവെന്റ്, മാങ്കടവ്
8 സി.എം.സി കോൺവെന്റ്, മങ്കുവ
9 സി.എം.സി. കോൺവെന്റ്, മുരിക്കാശ്ശേരി
10 സി.എം.സി. കോൺവെന്റ്, മുട്ടുകാട്
11 സി.എം.സി. കോൺവെന്റ്, നെടുംകണ്ടം
12 സി.എം.സി. കോൺവെന്റ്, നെല്ലിപാറ
13 സി.എം.സി. കോൺവെന്റ്, പൈനാവ്
14 സി.എം.സി. കോൺവെന്റ്, പാറത്തോട്
15 സി.എം.സി. കോൺവെന്റ്, തോപ്രാംകുടി
16 സി.എം.സി. കോൺവെന്റ്, ഉപ്പുതോട്
17 സി.എം.സി. കോൺവെന്റ്, വാഴത്തോപ്പ്
18 സി.എം.സി. കോൺവെന്റ്, വിമലഗിരി
19 എഫ്.സി. കോൺവെന്റ്, ചെമ്പകപാറ
20 എഫ്.സി. കോൺവെന്റ്, ഈട്ടിത്തോപ്പ്
21 എഫ്.സി. കോൺവെന്റ്, ഇരട്ടയാർ
22 എഫ്.സി. കോൺവെന്റ്, ജോസ്ഗിരി
23 എഫ്.സി. കോൺവെന്റ്, കഞ്ഞിക്കുഴി
24 എഫ്.സി. കോൺവെന്റ്, കരിമ്പൻ

25 എഫ്.സി. കോൺവെന്റ്, മാവടി
26 എഫ്.സി. കോൺവെന്റ്, മച്ചിപ്ലാവ്
27 എഫ്.സി. കോൺവെന്റ്, മുരിക്കാശ്ശേരി
28 എഫ്.സി. കോൺവെന്റ്, മുരിക്കാശ്ശേരി
29 എഫ്.സി. കോൺവെന്റ്, പച്ചടി
30 എഫ്.സി. കോൺവെന്റ്, പനംകുട്ടി
31 എഫ്.സി. കോൺവെന്റ്, പഴയരിക്കണ്ടം
ഫെബ്രുവരി 1 എഫ്.സി. കോൺവെന്റ്, വട്ടപ്പാറ

## C. 90/15 **പൗരോഹിത്യ ആദ്ധ്യാത്മികത: ധ്യാനചിന്തകൾ**

**മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ**

### മിശിഹാനുഭവത്തിൽ വളരുന്ന ജീവിതം

**(തിരുവചനഭാഗം: ലൂക്കാ 21,5-36)**

ജറുസലേം ദൈവാലയത്തിൽ പഠിപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഈശോ നടത്തുന്ന യുഗാന്തപ്രഭാഷണമാണ് ഈ വചനഭാഗം. ജറുസലേമിലേക്കുള്ള ഈശോയുടെ നിർണായകമായ യാത്രയ്ക്കും അവിടെ സംഭവിക്കാനിരിക്കുന്ന അവിടുത്തെ പീഡാനുഭവ, മരണ, ഉത്ഥാനത്തിനുമിടയ്ക്കാണ് ഈ യുഗാന്തപ്രഭാഷണം ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്. ഭാഷാപരമായും ആശയപരമായും സുവിശേഷങ്ങളിൽ വ്യാഖ്യാനിക്കുവാൻ ബുദ്ധിമുട്ടുള്ള ഒരു ഭാഗമാണ് യുഗാന്തപ്രഭാഷണം. എങ്കിലും ക്രിസ്തീയജീവിതത്തെയും പൗരോഹിത്യജീവിതത്തെയും സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു മാനമാണ് അന്ത്യാത്മകമാനം. അന്ത്യാത്മകമാനത്തെ കണക്കിലെടുക്കാതെ ആരോഗ്യപരമായ ഒരു ക്രൈസ്തവ ജീവിതവും ആദ്ധ്യാത്മികജീവിതവും കരുപ്പിടിപ്പിക്കുക സാദ്ധ്യമല്ല.

മിശിഹായുടെ രണ്ടാം ആഗമനമാണ് യുഗാന്തപ്രഭാഷണത്തിന്റെ കേന്ദ്രബിന്ദു എന്നുപറയാം. മിശിഹായുമായുള്ള അന്ത്യാത്മകമായ കണ്ടുമുട്ടലാണ് മനുഷ്യജീവിതത്തിനും മനുഷ്യചരിത്രത്തിനും നിർണായകമായിത്തീരുന്നത്. ഈ കണ്ടുമുട്ടലിന്റെ സ്വഭാവവും പ്രത്യേകതകളും മനസ്സിലാക്കി മിശിഹായിലുള്ള ജീവിതം നയിക്കു



വാൻ യുഗാന്തപ്രഭാഷണധ്യാനം സഹായകമാകും. ജറുസലേം ദൈവാലയത്തിന്റെ നാശം (21,5-6) മിശിഹായിൽ ആരാധിക്കുന്ന ജീവിതത്തെ അനുസ്മരിപ്പിക്കുന്നെങ്കിൽ, അവസാനത്തെ അടയാളങ്ങളായ വ്യാജമിശിഹാമാരെക്കുറിച്ചുള്ള മുന്നറിയിപ്പും (21,7-8) പ്രകൃതിക്ഷോഭങ്ങളും പീഡനങ്ങളും (21,9-19) മിശിഹായുടെ അരൂപിയിലുള്ള ജീവിതത്തെ ഓർമ്മിപ്പിക്കുന്നു. ജറുസലേമിന്റെ നാശം (21,20-24) മിശിഹായിലുള്ള രക്ഷയുടെ സാർവത്രിക ദർശനത്തെ സൂചിപ്പിക്കുന്നെങ്കിൽ, മനുഷ്യപുത്രന്റെ ആഗമനം (21,25-33) മിശിഹായിൽ പ്രത്യാശയർപ്പിക്കുന്ന ജീവിതത്തെ സൂചിപ്പിക്കുന്നു. മിശിഹായിലേക്ക് ഉണർവുള്ള ജീവിതം നയിക്കണമെന്നുള്ള (21,34-36) ആഹ്വാനത്തോടെയാണ് യുഗാന്തപ്രഭാഷണം അവസാനിപ്പിക്കുന്നത്.

#### 1. മിശിഹായിൽ ആരാധനാജീവിതം

"*ചില ആളുകൾ ദൈവാലയത്തെപ്പറ്റി, അത് വിലയേറിയ കല്ലുകളാലും കാണിക്ക വസ്തുക്കളാലും അലങ്കരിക്കപ്പെട്ടിരിക്കുന്നല്ലോ എന്നു പറഞ്ഞു. അവൻ അവരോടു പറഞ്ഞു: നിങ്ങൾ ഈ കാണുന്നവ കല്ലിൻമേൽ കല്ലു ശേഷിക്കാതെ തകർക്കപ്പെടുന്ന സമയം വരുന്നു*" (21,5-6).

ദൈവാലയത്തിന്റെ നാശം ജറുസലേമിന്റെ നാശത്തിന്റെ (21,20-28) മുൻമാതൃകയും ഉറപ്പുമാണ്. ജറുസലേമിന്റെ നാശം ഇസ്രായേൽജനത്തിന്റെതന്നെ നാശമാണ്. ജറുസലേം ദൈവാലയം ജറുസലേമിന്റെ പ്രാധാന്യത്തിന്റെ മുഖ്യഹേതുവായിരുന്നു. ജറുസലേം ദൈവാലയം മഹാത്ഭുതങ്ങളിൽ ഒന്നായിട്ടാണ് കരുതപ്പെട്ടിരുന്നത്. സൗന്ദര്യത്തിലും സമ്പത്തിലും സമ്പന്നമായിരുന്ന അതിന്റെ മഹത്ത്വം എന്നും നിലനില്ക്കുമെന്നാണ് യഹൂദർ വിശ്വസിച്ചിരുന്നത്. അതിന്റെ മോടിയിലേക്ക് അവിടുത്തെ ശ്രദ്ധ ക്ഷണിക്കപ്പെട്ടപ്പോഴാണ്, അതിന്റെ ഉന്മൂലനാശം പ്രവാചകശൈലിയിൽ ഈശോ പ്രവചിച്ചത്. ദൈവവുമായുള്ള ഉടമ്പടിയിൽ ദൈവജനം അവിശ്വസ്തരായപ്പോഴെല്ലാം അതിന് അവർക്കു ശിക്ഷ ലഭിക്കുമെന്ന് പ്രവാചകന്മാർ പ്രവചിച്ചിട്ടുണ്ട് (നിയ 28,3-23; ജറെ 7,14-16; 30,30-34; മിക്കാ 3,12; സെഫാ 1,4-13). പ്രസ്തുത പ്രവചനങ്ങളുടെ പൂർത്തീകരണമായി ഈ പ്രവചനത്തെ കരുതാം. "സമയം വരുന്നു" എന്ന ശൈലി പ്രവാ

ചകഭാഷയിലുള്ള വിധി പ്രസ്താവനയാണ്. ഈ ശൈലി ലൂക്കാസു വിശേഷകൻ പലപ്പോഴും പ്രയോഗിക്കുന്നുണ്ട് (5,35; 17,22; 19,43). ഇസ്രായേൽജനം അനുതപിച്ചില്ലെങ്കിൽ, അവരുടെ ആരാധനാകേന്ദ്രം, അവരുടെ മദ്ധ്യേയുള്ള ദൈവസാന്നിദ്ധ്യത്തിന്റെ ഈ അടിസ്ഥാനം, ഒരു കല്ലുപോലും യഥാസ്ഥാനത്തു ശേഷിക്കാതെ നശിക്കും എന്നാണ് ഈശോ പ്രവചിക്കുന്നത്.

ദൈവാലയത്തിന്റെ നാശം മിശിഹായിലൂടെ സ്ഥാപിക്കപ്പെടുന്ന പുതിയ ദൈവാലയത്തിലേക്ക് വിരൽചൂണ്ടുന്നതുമാണ്. ദൈവാരാധനയുടെയും ദൈവാനുഭവത്തിന്റെയും വേദിയായിരിക്കുമ്പോഴാണല്ലോ ദൈവാലയം യഥാർത്ഥത്തിൽ ദൈവാലയമായിത്തീരുന്നത്. മതനേതൃത്വംതന്നെ ജറുസലേം ദൈവാലയത്തിന്റെ ആരാധനാചൈതന്യം നഷ്ടപ്പെടുത്തുകവഴി അതിനെ ദൈവാലയമല്ലാതാക്കിത്തീർത്ത ചരിത്രമുണ്ട്. അപ്പോഴൊക്കെ പ്രവാചകന്മാർ അതിനെതിരായി സ്വരമുയർത്തിയിട്ടുമുണ്ട്. അതിന്റെ രണ്ടു സാക്ഷ്യങ്ങളാണ് ഈശോ ദൈവാലയം ശുദ്ധീകരിച്ചപ്പോൾ ഉദ്ധരിച്ചത് (ലൂക്കാ 19,46 = ഏശ 56,7; ജറെ 7,11). ഈശോ ജറുസലേം ദൈവാലയത്തിൽ പ്രവേശിച്ചപ്പോൾ അപ്രകാരം ഒരു സ്ഥിതിവിശേഷമായിരിക്കണം സംജാതമായിരുന്നത്. ദൈവാലയശുദ്ധീകരണസന്ദർഭത്തിൽ പുതിയ ദൈവാലയത്തെപ്പറ്റി ഈശോ പരാമർശിക്കുന്നതായി യോഹന്നാന്റെ സുവിശേഷം സാക്ഷ്യപ്പെടുത്തുന്നുമുണ്ട്: "നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും" (യോഹ 2,21). അതുകൊണ്ട് മിശിഹായിൽ രൂപംകൊള്ളുന്ന പുതിയ ദൈവാലയത്തിലേക്കും ദൈവാരാധനയിലേക്കുമാണ് ദൈവാലയനാശത്തെപ്പറ്റിയുള്ള ഈശോയുടെ ഈ പ്രവചനം വിരൽചൂണ്ടുന്നത്. ഈ മലയിലോ ജറുസലേമിലോ നിങ്ങൾ പിതാവിനെ ആരാധിക്കാത്ത സമയം വരുന്നുവെന്നും, യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നുവെന്നും സമറിയാക്കാരി സ്ത്രീയോട് ഈശോ അരുളിച്ചെയ്തല്ലോ (യോഹ 4,21 –24). പരിശുദ്ധാത്മാവിൽ മിശിഹായിലൂടെ പിതാവായ ദൈവത്തെ ആരാധിക്കുന്ന ഒരു ജീവിതം നാം നയിക്കുമ്പോഴാണ് ഈശോയുടെ ഈ പ്രവചനം അതിന്റെ പൂർണമായ അർത്ഥത്തിൽ നിറവേറുന്നത്.



### 2. മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം

"*അവർ ചോദിച്ചു: ഗുരോ, ഇത് എപ്പോഴാണ് സംഭവിക്കുക? ഇതെല്ലാം സംഭവിക്കാൻ തുടങ്ങുന്നതിന്റെ അടയാളം എന്താണ്? അവൻ പറഞ്ഞു: ആരും നിങ്ങളെ വഴിതെറ്റിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. എന്തെന്നാൽ, പലരും അവൻ ഞാനാണ് എന്നും സമയം അടുത്തു എന്നും പറഞ്ഞുകൊണ്ട് എന്റെ നാമത്തിൽ വരും. നിങ്ങൾ അവരുടെ പിന്നാലെ പോകരുത്*" (21,7–8).

വി. മർക്കോസിന്റെയും വി. മത്തായിയുടെയും സുവിശേഷങ്ങളിൽ ദൈവാലയത്തിന്റെയും ജറുസലേമിന്റെയും നാശവും ലോകാവസാനവും തമ്മിൽ കൂടിക്കലർന്ന ഒരു അവതരണമാണുള്ളത്. വി. ലൂക്കായുടെ സുവിശേഷം എഴുതുമ്പോൾ ദൈവാലയനാശം സംഭവിച്ചുകഴിഞ്ഞിരിക്കണം. അതുകൊണ്ട് ദൈവാലയനാശത്തെപ്പറ്റിയുള്ള പ്രവചനത്തിനുശേഷം ലോകാവസാനത്തിനുമുമ്പ് സഭയുടെ കാലഘട്ടത്തിൽ സംഭവിക്കാനിരിക്കുന്ന അടയാളങ്ങളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. സഭയുടെ കാലഘട്ടം യുഗാന്തകാലഘട്ടമാണല്ലോ. സഭ മിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണ്. മിശിഹായിൽ വിശ്വസിക്കുന്ന ജീവിതം വെല്ലുവിളികൾ നേരിടുന്ന ജീവിതമാണ്. മൂന്നുതരത്തിലുള്ള വെല്ലുവിളികളാണ് സഭാജീവിതം നയിക്കുന്നവർക്കു നേരിടേണ്ടി വരിക. 1. വ്യാജപ്രവാചകന്മാർ ഉയർത്തുന്ന വെല്ലുവിളി (21,8); 2. രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധം, വലിയ ഭൂമികുലുക്കം, ക്ഷാമവും പകർച്ചവ്യാധിയും തുടങ്ങിയ നാശങ്ങൾ (21,9–11); 3. മതപീഡനം (21,12 –19). ഇവയെല്ലാം സഭയുടെ കാലഘട്ടത്തിന്റെ പ്രത്യേകതകളാണെന്ന് സഭാചരിത്രം നമ്മെ പഠിപ്പിക്കുന്നുണ്ട്.

ആദിമസഭയിൽത്തന്നെ വ്യാജപ്രവാചകന്മാരുടെ സാന്നിദ്ധ്യം നമുക്കു കാണാം. തെവുദാസ് (നട 7,36), ഗലീലിയനായ യൂദാസ് (നട 5,37) എന്നിവർ ശ്ലീഹന്മാരുടെ കാലഘട്ടത്തിൽത്തന്നെ പ്രത്യക്ഷപ്പെട്ടവരാണ്. ഇപ്രകാരമുള്ളവരെ സൂക്ഷിക്കണമെന്നും അവരുടെ കെണിയിൽ വീഴരുതെന്നും പൗലോസ്ശ്ലീഹായും (2 തെസ 2,1–11) യോഹന്നാൻശ്ലീഹായും (1 യോഹ 4,1–6) വിശ്വാസികളെ ഉത്ബോധിപ്പിക്കുന്നുണ്ട്. യോഹന്നാൻശ്ലീഹാ ഇങ്ങനെയുള്ളവരെ 'അന്തിക്രിസ്തുമാർ' എന്നു വിശേഷിപ്പിക്കുന്നുമുണ്ട്. സഭയിൽ എക്കാലത്തും

ഇങ്ങനെയുള്ളവരുണ്ടായിരുന്നു; ഇന്നുമുണ്ട്. സഭയുടെ ശ്ലൈഹിക പ്രബോധനത്തോടു ചേർന്നുനിന്നുകൊണ്ട് മിശിഹായിലുള്ള നമ്മുടെ വിശ്വാസം അവികലമാണെന്ന് നാം ഉറപ്പുവരുത്തണം.

വിശ്വാസത്തിനുള്ള രണ്ടാമത്തെ വെല്ലുവിളി യുദ്ധങ്ങളും ക്ഷാമങ്ങളും നാശങ്ങളും പകർച്ചവ്യാധികളുമൊക്കെയാണ്. ഇവയെല്ലാം കടന്നുപോകുന്ന ലോകത്തിന്റെ പ്രതിഭാസങ്ങളാണ്. അവയൊക്കെ എന്തുകൊണ്ടു സംഭവിക്കുന്നു എന്നു വിശദീകരിക്കുവാനോ എങ്ങനെ നേരിടണമെന്നു മനസ്സിലാക്കുവാനോ സാദ്ധ്യമായെന്നു വരില്ല. പക്ഷേ അവയെല്ലാം ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ മുറുകെപ്പിടിക്കുവാനും ദൈവത്തോടു ചേർന്നുനിന്നുകൊണ്ട് വിശ്വാസത്തിൽ നിലനില്ക്കുവാനുമുള്ള വെല്ലുവിളികളാണ്. ലോകത്തിന്റെ വശ്യതകളിൽ വ്യാപരിക്കരുതെന്നുള്ള മുന്നറിയിപ്പാണ്. നിരന്തരമായ മാനസാന്തരത്തിനും വിശ്വാസത്തിനുമുള്ള ക്ഷണങ്ങളാണ്. ഇന്നും ഇപ്രകാരമുള്ള പ്രതിഭാസങ്ങളെ ലോകാവസാനവുമായി ബന്ധിപ്പിക്കുകയും ലോകാവസാനം പ്രവചിക്കുകയും ചെയ്യുന്ന വ്യക്തികളും പ്രസ്ഥാനങ്ങളുമുണ്ട്. എന്നാൽ അവർക്കു ചെവികൊടുക്കാതെ ദൈവത്തിലേക്കു തിരിയുവാനും ദൈവൈക്യത്തിൽ ജീവിക്കുവാനുമുള്ള അടയാളങ്ങളായി ഇത്തരം പ്രതിഭാസങ്ങളെ തിരിച്ചറിയുവാൻ നമുക്കു കഴിയേണ്ടതുണ്ട്.

വിശ്വാസത്തിനുള്ള മൂന്നാമത്തെ വെല്ലുവിളി മതപീഡനമാണ്. തന്നിൽ വിശ്വസിച്ച് തന്റെ സാക്ഷികളാകുന്നവർക്ക് പീഡനങ്ങൾ നേരിടേണ്ടി വരുമെന്ന് ഈശോ അരുളിച്ചെയ്ത പ്രവചനം പൂർത്തിയാകുന്നത് ശ്ലീഹന്മാരുടെ നടപടിഗ്രന്ഥത്തിലെ ഓരോ അദ്ധ്യായത്തിലും കാണാം. പക്ഷേ, മിശിഹാശിഷ്യർക്ക് അറസ്റ്റും വിസ്താരവുമെല്ലാം സാക്ഷ്യത്തിന് അവസരമാണ്. അതാണല്ലോ ഓരോ ക്രൈസ്തവന്റേയും ജീവിതലക്ഷ്യം. ഈശോയുടെ നാമത്തെപ്രതി സഹിക്കേണ്ടിവരുന്ന പീഡനം അന്യരിൽനിന്നു മാത്രമല്ല സ്വന്തക്കാരിൽനിന്നുമുണ്ടാകും. മിശിഹാശിഷ്യരാകുവാൻ കുടുംബക്കാരെയും ഉപേക്ഷിക്കണമെന്ന് ഈശോ നിഷ്കർഷിച്ചതിന്റെ രഹസ്യം ഇവിടെയുണ്ട്. സഹനത്തെ നേരിടാൻ മിശിഹായുടെ അരൂപി വെളിച്ചവും ശക്തിയും നല്കുമെന്ന വാഗ്ദാനവും ഇക്കൂടെയുണ്ട് (21,15).



അങ്ങനെ പീഡനങ്ങളിൽ ഉറച്ചുനില്ക്കുന്നതിലൂടെ ജീവൻ നേടുമെന്ന വാഗ്ദാനവും ഇതോടൊപ്പമുണ്ട് (21,19). സഭയുടെ ചരിത്രത്തിൽ മതപീഡനം എല്ലാക്കാലത്തുമുണ്ടായിരുന്നു; ഇപ്പോഴുമുണ്ട്. മേൽപ്പറഞ്ഞ വെല്ലുവിളികളെയെല്ലാം അതിജീവിച്ച് വിശ്വാസത്തിൽ നിലനില്ക്കുവാനും അജഗണങ്ങളെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്ന അജപാലനശുശ്രൂഷ നിർവഹിക്കുവാനും ഈ വചനഭാഗം പുരോഹിതർക്ക് പ്രേരകമാകണം.

**3. മിശിഹായിൽ പ്രത്യാശയർപ്പിക്കുന്ന ജീവിതം**

"*ജറുസലേമിനുചുറ്റും സൈന്യം താവളമടിച്ചിരിക്കുന്നതുകാണുമ്പോൾ അതിന്റെ നാശം അടുത്തിരിക്കുന്നു എന്ന് അറിഞ്ഞുകൊള്ളുവിൻ*" (21,20).

ജറുസലേമിന്റെ നാശത്തെക്കുറിച്ചുള്ള മൂന്നാം പ്രവചനമാണ് ഇത്. ഇതിനു മുമ്പുള്ള രണ്ടു പ്രവചനങ്ങൾ ലൂക്കാ 13,34-35 ലും 19,41-44 ലും കാണാം. ഏറ്റം വിശദമായിട്ടുള്ള ഈ പ്രവചനത്തിൽ അനുവാചകർ ശിഷ്യന്മാർ മാത്രമല്ല യൂദയായിൽ ജീവിക്കുന്ന എല്ലാവരുമാണ്. ജറുസലേമിന്റെ നാശം ഒരടയാളമാണ്. ശത്രുക്കൾ അതിനു ചുറ്റും പാളയമടിക്കും (21,20). ശത്രുക്കൾ വിജാതീയരാണ്. അവർ തങ്ങളുടെ നാളുകൾ പൂർത്തിയാകുന്നതുവരെ ജറുസലേമിനെ ചവിട്ടിമെതിക്കും (21,24). ദൈവജനത്തിന്റെ അവിശ്വസ്തതക്ക് ദൈവശിക്ഷയായി നഗരത്തിന്റെ നാശത്തെപ്പറ്റി എഴുതപ്പെട്ടതെല്ലാം (നിയ 32,35; ഹോസി 9,7; ജറെ 46,10.21; മിക്കാ 3,12) ഇവിടെ നിവർത്തിയാകുന്നു. പ്രവാചകന്മാർ ആവർത്തിച്ചു മുന്നറിയിപ്പു നല്കിയിട്ടും ജറുസലേം അനുതപിക്കാതിരുന്നതിനാൽ നല്കപ്പെടുന്ന ശിക്ഷയാണ് ജറുസലേമിന്റെ നാശം. അതേസമയം അത് വിജാതീയരുടെ സമയമാണ്. ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ വിജാതീയരെക്കൂടെ ഉൾപ്പെടുത്താൻ ഒരു നിമിത്തമായിട്ടാണ് ഈ ശിക്ഷ ഉണ്ടാകുന്നത്. ഇതേക്കുറിച്ച് പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: "സഹോദരരേ ... നിങ്ങൾ ഈ രഹസ്യം മനസ്സിലാക്കിയിരിക്കണം: ഇസ്രായേലിൽ കുറേപ്പേർക്കു മാത്രമേ ഹൃദയകാഠിന്യം ഉണ്ടായിട്ടുള്ളു. അതും വിജാതീയർ പൂർണമായും സ്വീകരിക്കപ്പെടുന്നതുവരെമാത്രം. അതിനുശേഷം ഇസ്രായേൽ മുഴുവൻ രക്ഷപ്രാപിക്കും" (റോമാ 11,25-26).

ഇസ്രായേലിലും വിജാതീയരിലും അനുതപിക്കുന്നവരെ ഉൾപ്പെടുത്തി ദൈവം തന്റെ രക്ഷാപദ്ധതി പൂർത്തിയാക്കും. അങ്ങനെ മനുഷ്യകുലം മുഴുവൻ മിശിഹായിലൂടെയുള്ള ദൈവത്തിന്റെ രക്ഷ ദർശിക്കും. സഭയുടെ സമയം ലോകത്തിലെ സകല ജനതകളെയും സുവിശേഷത്താൽ കൂട്ടിച്ചേർക്കാനുള്ളതാണ്. നവസുവിശേഷവൽക്കരണം ക്രൈസ്തവജീവിതത്തിന്റെയും പൗരോഹിത്യശുശ്രൂഷയുടെയും അടിസ്ഥാനപരമായ ആഭിമുഖ്യമായിരിക്കണം.

യുഗാന്തപ്രഭാഷണമെന്ന നിലയിൽ ഭൗമിക ജറുസലേമിന്റെ നാശം സ്വർഗീയ ജറുസലേമിലേക്കു വിരൽചൂണ്ടുന്ന ഒരു അടയാളംകൂടിയാണ്. സഭയുടെ മഹത്ത്വീകൃത അവസ്ഥയെ അവതരിപ്പിക്കുന്ന ഒരു ഭാഗമാണല്ലോ വെളിപാടു പുസ്തകത്തിലെ പുതിയ ജറുസലേമും (വെളി 21,1-8) സ്വർഗീയ ജറുസലേമും (വെളി 21,9-27). വിശുദ്ധ നഗരമായ പുതിയ ജറുസലേമിനെ ഭർത്താവിനായി അണിഞ്ഞൊരുങ്ങിയ മണവാട്ടിയെപ്പോലെ, സ്വർഗത്തിൽനിന്ന്, ദൈവസന്നിധിയിൽനിന്ന് ഇറങ്ങിവരുന്നതായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത് (വെളി 21,2). അതുപോലെതന്നെ, സ്വർഗത്തിൽനിന്നും, ദൈവസന്നിധിയിൽനിന്നും ഇറങ്ങിവന്ന സ്വർഗീയജറുസലേമിനെ കുഞ്ഞാടിന്റെ മണവാട്ടിയായിട്ടും ചിത്രീകരിച്ചിരിക്കുന്നു (വെളി 21,9-10). പന്ത്രണ്ടു ഗോത്രങ്ങളോടു ബന്ധിപ്പിച്ചും ദൈവത്തിന്റെ തേജസ്സുള്ളതായും അവതരിപ്പിക്കുന്ന ഈ സ്വർഗീയ ജറുസലേം (വെളി 21,11-14) മിശിഹായുടെ മണവാട്ടിയായ സഭയുടെ മഹത്ത്വീകൃതമായ സ്ഥിതിവിശേഷമല്ലാതെ മറ്റൊന്നുമല്ല. ഈ സ്വർഗീയ ജറുസലേമാണ് ക്രിസ്തീയപ്രത്യാശയുടെ വിഷയം. ഇതേപ്പറ്റിയാണ് വി. പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നത്: "പകലിന്റെ മക്കളായ നമുക്ക് വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ച് സുബോധമുള്ളവരായിരിക്കാം" (1 തെസ 5,8). ഇപ്രകാരം പ്രത്യാശയും സുബോധവുമുള്ള ജീവിതം നയിക്കുവാൻ ഈ സുവിശേഷഭാഗം എല്ലാവർക്കും പ്രചോദനമാകണം.

**4. മിശിഹായുടെ രണ്ടാം ആഗമനം കാത്തിരിക്കുന്ന ജീവിതം**

"*അപ്പോൾ, മനുഷ്യപുത്രൻ ശക്തിയോടും വലിയ മഹത്ത്വത്തോടുംകൂടെ മേഘങ്ങളിൽ വരുന്നത് അവർ കാണും*" (21,27).



മനുഷ്യപുത്രൻ ശക്തിയോടും വലിയ മഹത്ത്വത്തോടും മേഘങ്ങളിൽ വരുമെന്നുള്ള പ്രസ്താവന ദാനിയേൽ 7,13-14 ലെ ചിത്രീകരണത്തിന്റെ ഓർമ്മയുണർത്തുന്നവയാണ്. "മനുഷ്യപുത്രനെപ്പോലെയൊരാൾ" ഒരു ദൈവത്തെപ്പോലെ വാനമേഘങ്ങളിൽ സഞ്ചരിക്കുന്നത് ദാനിയേൽ വർണ്ണിക്കുന്നുണ്ട്. ദൈവത്തോടൊപ്പം അധികാരം കൈയാളുന്നവനാണ് മനുഷ്യപുത്രൻ. വിധിക്കാനും തന്റെ വിശുദ്ധർക്ക് നീതിവിധി പ്രഖ്യാപിക്കാനുമുള്ള അധികാരമാണ് മനുഷ്യപുത്രനായ മിശിഹായ്ക്കുള്ളത്. മനുഷ്യകുലം മുഴുവന്റേയും നിർണായകമായ വിധിയുടെ നിമിഷമാണ് മനുഷ്യപുത്രനായ മിശിഹായുടെ ആഗമനനിമിഷം. അന്ത്യവിധിയുടെ ഈ നിമിഷത്തെ രക്ഷയുടെ നിമിഷമായിട്ടാണ് ലൂക്കാ സുവിശേഷകൻ അവതരിപ്പിക്കുന്നത്: "ഇവ സംഭവിക്കാൻ തുടങ്ങുമ്പോൾ നിങ്ങൾ ശിരസ്സുയർത്തി നില്ക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ രക്ഷ സമീപിച്ചിരിക്കുന്നു" (21,28). ലൂക്കാ സുവിശേഷകനെ തന്റെ സഹപ്രവർത്തകനായി സ്വീകരിച്ച വി. പൗലോസ്ശ്ലീഹാ 'കർത്താവിന്റെ ദിവസ'ത്തെക്കുറിച്ചു പറയുമ്പോൾ രക്ഷയുടെ പ്രത്യാശയായ പടത്തൊപ്പി ധരിക്കണമെന്നും, മിശിഹായിലൂടെ നാം രക്ഷപ്രാപിക്കണമെന്നാണ് ദൈവം നിശ്ചയിച്ചിട്ടുള്ളതെന്നും എടുത്തുപറയുന്നുണ്ട് (1 തെസ 5,8-9). മനുഷ്യപുത്രനായ ഈശോയുടെ രണ്ടാം ആഗമനത്തിൽ സംഭവിക്കുന്ന അന്ത്യവിധിയിൽ മിശിഹാശിഷ്യർ ഭയപ്പെടേണ്ട കാര്യമില്ല. കാരണം, മനുഷ്യപുത്രനായ മിശിഹാ അവിടെയുണ്ടാകും. മിശിഹായോടുകൂടി പീഡനത്തിലും സഹനത്തിലും അവസാനംവരെ ഉറച്ചുനിന്നവർക്ക് (21,19) അവിടുന്ന് ശക്തിയോടും മഹത്ത്വത്തോടുംകൂടെ വരുമ്പോൾ (21,27) അവിടുത്തെ മഹത്ത്വത്തിൽ പങ്കുചേരാൻ കഴിയും. ഈ പ്രത്യാശയുടെ പ്രകാശനമാണ് കിഴക്കോട്ടു തിരിഞ്ഞു പ്രാർത്ഥിക്കുന്ന പൗരസ്ത്യസഭാപാരമ്പര്യങ്ങളിൽ കാണുന്നത്. അങ്ങനെ നാം പ്രാർത്ഥിക്കുന്ന സന്ദർഭങ്ങളെല്ലാം ഈ പ്രത്യാശ നവീകരിക്കുന്നതിനുള്ള അവസരങ്ങളാവണം.

യുഗാന്തപ്രഭാഷണത്തിൽ ഈശോ ഇതുവരെ അവസാനം അടുക്കുന്നതിന്റെ ലക്ഷണങ്ങൾ പറയുകയായിരുന്നു. ഇനിയുമുള്ള ഭാഗത്ത് അവസാനം തീർച്ചയായും ഉണ്ടാകുമെന്ന് ഈശോ ശിഷ്യർക്ക് ഉറപ്പുകൊടുക്കുകയാണ് (21,28-33). അതിനാൽ ശിഷ്യർ

ശ്രദ്ധാലുക്കളായിരിക്കണമെന്ന് ഉപദേശിക്കുകയും ചെയ്യുന്നു. ഉറപ്പുകൊടുക്കുന്നത് മൂന്നു വിധത്തിലാണ്. 1. പ്രകൃതിയിൽനിന്നുള്ള അടയാളം. അത്തി തളിർക്കുന്നത് വസന്തകാലത്തിന്റെ വരവിന്റെ ഉറപ്പായ അടയാളമാണ്. അതുപോലെ, ജറുസലേമിന്റെ നാശം ലോകാവസാനത്തിന്റെ പ്രതിരൂപവും പ്രാപഞ്ചിക കോളിളക്കങ്ങൾ അതിന് ഉറപ്പു നല്കുന്ന അടയാളങ്ങളുമാണ്. 2. മനുഷ്യപുത്രന്റെ ആഗമനം. ഇതു ഭാവിയിൽ സംഭവിക്കാനിരിക്കുന്നതാണെങ്കിലും ഒരു വിധത്തിൽ ഈശോയിൽ നിറവേറിക്കഴിഞ്ഞു: "ദൈവകരങ്ങൾകൊണ്ടാണ് ഞാൻ പിശാചുക്കളെ പുറത്താക്കുന്നതെങ്കിൽ, ദൈവരാജ്യം നിങ്ങളുടെ ഇടയിൽ വന്നുകഴിഞ്ഞിരിക്കുന്നു" (ലൂക്കാ 11,20). ദൈവരാജ്യത്തിന്റെ പൂർത്തീകരണമാണല്ലോ ലോകാവസാനം. 3. ദൈവവചനത്തിന്റെ ഉറപ്പ്: "ആകാശവും ഭൂമിയും കടന്നുപോകും. എന്നാൽ എന്റെ വാക്കുകൾ കടന്നുപോവുകയില്ല" (21,33). മനുഷ്യവംശവും സൃഷ്ടി മുഴുവനും മാറിപ്പോയാലും ഈശോ പ്രവചിച്ച വാക്കുകൾക്ക് മാറ്റമില്ല. അവ സംഭവിക്കുകതന്നെ ചെയ്യും. ഈ ഉറപ്പുള്ള നാം അവിടുത്തെ രക്ഷ ദർശിക്കുവാൻ തക്കവിധം വിശുദ്ധമായ ജീവിതം നയിക്കണം. വി. പത്രോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ തികച്ചും പ്രസക്തങ്ങളാണ്: "ഇവയെല്ലാം നശ്വരമാകയാൽ വിശുദ്ധിയോടും ദൈവഭക്തിയോടുംകൂടെ ജീവിക്കുന്നതിൽ നിങ്ങൾ എത്ര ശുഷ്കാന്തിയുള്ളവരായിരിക്കണം" (2 പത്രോ 3,11). ക്രിസ്തീയജീവിതത്തിന്റെ അന്ത്യാത്മകത നമുക്ക് വിശുദ്ധ ജീവിതത്തിനു പ്രചോദനമേകണം.

**5. മിശിഹായിൽ ഉണർവുള്ള ജീവിതം**

"*സുഖലോലുപത, മദ്യാസക്തി, ജീവിതവ്യഗ്രത എന്നിവയാൽ നിങ്ങളുടെ മനസ്സു ദുർബലമാവുകയും, ആ ദിവസം ഒരു കെണിപോലെ പെട്ടെന്നു നിങ്ങളുടെമേൽ വന്നു വീഴുകയും ചെയ്യാതിരിക്കാൻ ശ്രദ്ധിക്കുവിൻ. എന്തെന്നാൽ ഭൂമുഖത്തു ജീവിക്കുന്ന എല്ലാവരുടെയുംമേൽ അതു നിപതിക്കും. സംഭവിക്കാനിരിക്കുന്ന ഇവയിൽനിന്നെല്ലാം രക്ഷപെട്ട് മനുഷ്യപുത്രന്റെ മുമ്പിൽ പ്രത്യക്ഷപ്പെടാൻവേണ്ട കരുത്തു ലഭിക്കാൻ സദാ പ്രാർത്ഥിച്ചുകൊണ്ടു ജാഗരൂകരായിരിക്കുവിൻ*" (21,34-36).



യുഗാന്ത്യോന്മുഖജീവിതത്തിൽ വിശ്വസിക്കുന്നവർ നിതാന്ത ജാഗ്രത പുലർത്തുന്നവരായിരിക്കണം. 'ജാഗ്രത' അഥവാ 'ഉണർവ്' ഒരു പ്രധാനപ്പെട്ട ക്രിസ്തീയ പുണ്യമാണ്. വെറും ബാഹ്യമായ ഉണർവല്ല ഇവിടെ ഉദ്ദേശിക്കുന്നത്. മനസ്സിന്റെയും ഹൃദയത്തിന്റെയും ഉണർവാണ്. ക്രിസ്തീയജീവിതത്തോടു ബന്ധപ്പെട്ട വ്യക്തികളിലേക്കും സാഹചര്യങ്ങളിലേക്കുമുള്ള ഹൃദയത്തിന്റെ ഉണർവാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ക്രിസ്തീയജീവിതത്തിന്റെയും പൗരോഹിത്യജീവിതത്തിന്റെയും ശില്പി ദൈവംതന്നെയാണ്; ദൈവത്തിന്റെ അരൂപിയാണ്. ദൈവത്തിന്റെ വിളിക്കനുസൃതമായി ജീവിക്കുവാൻ നമ്മെ അനുദിനം ശക്തിപ്പെടുത്തുന്ന ദൈവാരൂപിയുടെ സാന്നിദ്ധ്യത്തിലേക്കും പ്രവർത്തനങ്ങളിലേക്കും ഉണർവുള്ളവരായി നാം ജീവിക്കണം. പുരോഹിതന്മാരെ സംബന്ധിച്ചിടത്തോളം ശ്ലൈഹിക കൈവയ്പിലൂടെ ലഭിച്ച പുരോഹിതനടുത്തഅരൂപിയുടെ സാന്നിദ്ധ്യവും പ്രവർത്തനവും നിരന്തരം നടന്നുകൊണ്ടിരിക്കുന്നുണ്ട്. പരിശുദ്ധ കുർബാനയിൽ സമാധാനാശംസയ്ക്കു ദൈവജനം നല്കുന്ന മറുപടിയിൽ (അങ്ങയോടും അങ്ങയുടെ ആത്മാവോടുംകൂടെ) ഈ അരൂപിയുടെ സാന്നിദ്ധ്യമാണ് സൂചിപ്പിക്കപ്പെടുന്നത്. ദൈവാരൂപിയോടുള്ള ഉണർവിനോടൊപ്പം, അരൂപിയോടു സഹകരിക്കുന്നതിന് നമുക്കു തടസ്സം സൃഷ്ടിക്കുന്ന ലോകത്തിന്റെ അരൂപിയിലേക്കും നമുക്ക് ഉണർവുണ്ടാകണം. ഹൃദയത്തിന്റെ ഈ ഉണർവ് നഷ്ടപ്പെടുത്തുന്ന മൂന്നു കാര്യങ്ങളാണ് സുഖലോലുപതയും മദ്യാസക്തിയും ജീവിതവ്യഗ്രതയും. അവ ഹൃദയത്തെ അഥവാ മനസ്സിനെ ദുർബലമാക്കും. സുഖലോലുപത തിന്നുകുടിച്ചു വരുത്തുന്ന അപവ്യയ നഷ്ടമാണ്. മദ്യാസക്തിക്കെതിരേ പഴയനിയമവും വി. പൗലോസും മുന്നറിയിപ്പു നല്കുന്നുണ്ട് (തോബി 4,14; പ്രഭാ 28,8; റോമാ 13,30). ജീവിതവ്യഗ്രത വചനത്തെ ഞെരുക്കി നിഷ്ഫലമാക്കി കളയുമെന്ന് ഈശോതന്നെ പഠിപ്പിച്ചിട്ടുണ്ട് (ലൂക്കാ 8,14; 10,41; 12.22.25-26). ഹൃദയത്തിന്റെ ഉണർവ് നഷ്ടപ്പെടുത്തുന്ന തിന്മകൾക്കെതിരേ ജാഗ്രത പുലർത്തുകയും ദൈവാരൂപിയുടെ പ്രവർത്തനങ്ങളോട് സഹകരിക്കുകയും ചെയ്താൽ നമ്മുടെ ജീവിതം അരൂപിയുടെ ഫലങ്ങൾകൊണ്ടു നിറയും.

ഇപ്രകാരം ഉണർവോടെ ജീവിക്കുവാനും അരൂപിയോടു സഹകരിച്ചു പ്രവർത്തിക്കാനുള്ള ശക്തി ലഭിക്കുവാനും നാം സദാ

പ്രാർത്ഥിച്ചുകൊണ്ടിരിക്കണമെന്നും ഈശോ ആഹ്വാനം ചെയ്യുന്നു (21,36). പ്രാർത്ഥന എന്നു പറയുന്നതുതന്നെ ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവാണ്. നമ്മുടെ ജീവിതത്തിൽ സദാ സ്നേഹപൂർവം സന്നിഹിതനായിരിക്കുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് നമ്മുടെ മനസ്സും ഹൃദയവും ഉണരുമ്പോഴാണല്ലോ നാം പ്രാർത്ഥിക്കുവാൻ തുടങ്ങുന്നത്. ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഹൃദയത്തിന്റെ ഉണർവില്ലെങ്കിൽ പ്രാർത്ഥന ചൊല്ലുന്നുണ്ടെങ്കിലും നാം പ്രാർത്ഥിക്കുന്നില്ല. സദാ പ്രാർത്ഥിച്ചുകൊണ്ടിരിക്കണം എന്നു പറയുന്നതിന്റെ അർത്ഥം നാം മനസ്സുകൊണ്ടും ഹൃദയംകൊണ്ടും ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവോടെ സദാ ജീവിക്കണമെന്നാണ്. ജീവിതവും പ്രാർത്ഥനയും പരസ്പരപൂരകങ്ങളാണ്. കർത്താവിന്റെ പുനരാഗമനം സമീപസ്ഥവും പെട്ടെന്നു സംഭവിക്കുന്നതുമായതിനാൽ നാം സദാ ശ്രദ്ധാലുക്കളായിരിക്കണമെന്നാണ് ഈശോ ഉദ്ബോധിപ്പിക്കുന്നത്. കർത്താവു വരില്ലെന്നോ വരാൻ വൈകുമെന്നോ വിചാരിച്ച് അലസരോ, അക്രമികളോ അധികാര ദുർവിനിയോഗം നടത്തുന്നവരോ ആകരുത് (ലൂക്കാ 12,41-48). ദൈവസാന്നിദ്ധ്യബോധത്തോടെ സദാ പ്രാർത്ഥിക്കുവാനും ജീവിക്കുവാനും പ്രത്യാശയോടെ മിശിഹായ്ക്കു സാക്ഷ്യം വഹിക്കുന്നതിൽ കർമ്മോത്സുകരാകുവാനും യുഗാന്തപ്രഭാഷണം നമ്മെ ആഹ്വാനം ചെയ്യുന്നു.

**ജീവിതസൂചിക**

1. മിശിഹായിൽ അധിഷ്ഠിതമായ യഥാർത്ഥ ആരാധനാജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. യുഗാന്തകാലഘട്ടത്തിന്റെ വെല്ലുവിളികൾ ഇന്ന് സഭയിൽ എങ്ങനെ അനുഭവപ്പെടുന്നു? അവയെ നാം എങ്ങനെ നേരിടണം?
3. സ്വർഗീയ ജറുസലേമിലുള്ള പ്രത്യാശ മിശിഹായിലുള്ള ജീവിതം നയിക്കുവാൻ എന്നെ എങ്ങനെ പ്രചോദിപ്പിക്കുന്നു?
4. മിശിഹായുടെ രണ്ടാം ആഗമനത്തെക്കുറിച്ചുള്ള പ്രത്യാശ വിശുദ്ധ ജീവിതത്തിന് എത്രമാത്രം പ്രചോദനമാകുന്നുണ്ട്?
5. ഹൃദയത്തിന്റെ ഉണർവോടെ പ്രാർത്ഥനാജീവിതം നയിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?



## ക്രിസ്തുജ്യോതി വിശ്വാസപരിശീലനകേന്ദ്രം

### CJ. 65/15 **സൺഡേ സ്കൂൾ ടൈംസ്**

വിശ്വാസ പരിശീലകരുടെ "സൺഡേ സ്കൂൾ ടൈംസ്" പത്രം രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തിയതി ഒക്ടോബർ 26 ആണ് (വിശദ വിവരങ്ങൾക്ക് ഫയൽ നോക്കുക).

### CJ. 66/15 **മതാദ്ധ്യാപക കൺവെൻഷൻ**

നമ്മുടെ രൂപതയിലെ എല്ലാ മതാദ്ധ്യാപകരേയും പങ്കെടുപ്പിച്ചുകൊണ്ട് രൂപതയിലെ 5 കേന്ദ്രങ്ങളിൽ റീജിയണൽ കൺവെൻഷൻ സംഘടിപ്പിച്ചിരിക്കുന്നു.

**റീജീയണൽ കൺവെൻഷൻ**

| സ്ഥലം | തിയതി | ഫൊറോനകൾ |
|---|---|---|
| അടിമാലി | ഒക്ടോബർ 2 | കൂമ്പൻപാറ, പാറത്തോട് |
| രാജാക്കാട് | ഒക്ടോബർ 10 | രാജാക്കാട്, വെള്ളത്തൂവൽ |
| നെടുംകണ്ടം | ഒക്ടോബർ 11 | നെടുംകണ്ടം |
| ഇരട്ടയാർ | ഒക്ടോബർ 24 | വെള്ളയാംകുടി, ഇരട്ടയാർ, തങ്കമണി |
| വാഴത്തോപ്പ് | ഒക്ടോബർ 25 | വാഴത്തോപ്പ്, ചുരുളി |

(വിശദവിവരങ്ങൾക്ക് സെപ്റ്റംബർ ലക്കം സഹ്യനാദം നോക്കുക)

### CJ. 67/15 **അർദ്ധവാർഷിക റിപ്പോർട്ട്**

അർദ്ധവാർഷിക റിപ്പോർട്ട് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തിയതി ഒക്ടോബർ 11 ആണ്.

### CJ. 68/15 **+2 SMCC രൂപതാതല സംഗമം**

SMCC രൂപതാതല പ്രതിഭാ സംഗമം ഒക്ടോബർ 22-ാം തീയതി 10.00 a.m. മുതൽ 24-ാം തീയതി 3.00 p.m. വരെ ചുരുളി ഫോറോനാ പള്ളിയിൽ നടക്കും. നമ്മുടെ രൂപതയിലെ ഫൊറോനാ തലത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികളാണ് രൂപതാ സംഗമത്തിൽ പങ്കെടുക്കുന്നത്.

# സോഷ്യൽ സർവീസസ്

## SS 62/15 പച്ചക്കറി വിത്തും വായ്പാ വിതരണവും

ഭിന്ന ശേഷിയുള്ളവരുടെ കൂട്ടായ്മയായ "തീരം" സംഘടനയുടെ കീഴിലുള്ള സ്വയം സഹായ സംഘങ്ങൾക്ക് പച്ചക്കറി വിത്തുകളും പലിശരഹിത വായ്പയും വിതരണം ചെയ്തു. മുരിക്കാശ്ശേരി സെന്റ് മേരിസ് പാരീഷ് ഹാളിൽ നടന്ന മീറ്റിംഗിൽ എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം മുരിക്കാശ്ശേരി സെന്റ് മേരീസ് പള്ളി വികാരി റവ. ഫാ. മാത്യു തൊട്ടിയിൽ ഉദ്ഘാടനം ചെയ്തു. പ്രോജക്ട് കോർഡിനേറ്റർമാരായ ശ്രീ. എബിൻ കുറുന്താനത്ത്, മിസ്സ്. ഷീന ലിസ് മാത്യു എന്നിവർ നേതൃത്വം നൽകി.

## SS 63/15 ജീവാംഗുരം 2015

കിളിയാർകണ്ടം ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ സിൽവർ ജൂബിലിയോടനുബന്ധിച്ച് ഇടവകാതിർത്തിയിലുള്ള നാനജാതി മതസ്ഥരായ ആളുകളെ പങ്കെടുപ്പിച്ച് ജൈവ അടുക്കളത്തോട്ടം നിർമ്മാണ പദ്ധതി 'ജീവാംഗുരം 2015' ന്റെ ഉദ്ഘാടനവും തൈ വിതരണവും, തൈകളുടെ പ്രദർശനവും 2015 ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച കിളിയാർകണ്ടം ഹോളി ഫാമിലി സ്കൂൾ ഹാളിൽ വച്ച് നടത്തപ്പെട്ടു. ക്രെഡിറ്റ് യുണിയൻ പ്രസിഡന്റ് ശ്രീമതി ബെറ്റ്സി ജോൺ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിറ്റ് രക്ഷാധികാരി റവ. ഫാ. ജോസഫ് പൗവ്വത്ത് പദ്ധതി വിശദീകരണം നടത്തി. കേരളത്തിലെ ഏറ്റവും മികച്ച കൃഷി ഓഫീസർക്കുള്ള അവാർഡ് നേടിയ ശ്രീമതി ബെറ്റ്സി ജോൺ പദ്ധതി ഉദ്ഘാടനം നിർവഹിച്ചു. ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡൻന്റ് ശ്രീമതി സലോമി ഉലഹന്നാൻ തൈ വിതരണ ഉദ്ഘാടനം നടത്തി. ക്യാൻസർ രോഗങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും എന്ന വിഷയത്തെക്കുറിച്ച് ഡോ. സുരേഷ് വർഗീസ് (ഡെപ്യൂട്ടി ഡി.എം.ഒ. ഇടുക്കി) ക്ലാസുകൾ നയിച്ചു. എച്ച്.ഡി.എസ്. ബോർഡ് മെമ്പർ ശ്രീ



ടോമി കണ്ടത്തിൽ, സി. ലിന്റാ പോൾ ഡി.എം., ശ്രീ. സാബു കൊച്ചവേലിക്കകത്ത് തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. യൂണിറ്റ് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 64/15 "ആശാകിരണം" ക്യാൻസർ സുരക്ഷാപദ്ധതി

സി.ബി.സി.ഐ. യുടെ സാമൂഹിക പ്രവർത്തന വിഭാഗമായ കാരിത്താസ് ഇന്ത്യ മധ്യകേരളത്തിലെ ഏഴു രൂപതകളിൽ നടപ്പാക്കുന്ന ആശാകിരണം ക്യാൻസർ സുരക്ഷാപദ്ധതിയുടെ സമർപ്പണ സമ്മേളനവും സന്നദ്ധ സംഗമവും കൊച്ചിയിൽ സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. സെപ്റ്റംബർ 7-ാം തീയതി കലൂർ റിന്യൂവൽ സെന്ററിൽവച്ച് നടന്ന ആശാകിരണം പദ്ധതിയുടെ സമർപ്പണ സമ്മേളനത്തിൽ ഹൈറേഞ്ച് ഡെവലപ്മെന്റ് സോസൈറ്റിയുടെ ഭാഗമായി പ്രവർത്തിക്കുന്ന ഇടുക്കി ദുരന്ത നിവാരണ സേന (IDRT) യുടെ നേതൃത്വത്തിൽ ആരംഭിച്ച "ആശാകിരണം" പദ്ധതിയിലെ 50 സന്നദ്ധ അംഗങ്ങൾ പങ്കെടുത്തു. "ക്യാൻസർ തിരിച്ചറിഞ്ഞ് തിരിച്ചുവരാം" എന്ന ആപ്തവാക്യവുമായി തുടങ്ങിയ ആശാകിരണം പദ്ധതി ക്യാൻസർ രോഗം വർദ്ധിക്കുന്ന സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാനും. നിയന്ത്രണ വിധേയമാക്കാനും, ബോധവത്ക്കരണം നടത്താനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.

## SS 65/15 തെങ്ങിൻ തൈ വിതരണോദ്ഘാടനവും ചെക്കു വിതരണവും

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇരട്ടയാർ നെടുംങ്കണ്ടം, പാമ്പാടുംപാറ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ നടത്തുന്ന ആശാരിക്കവലനീർത്തട പദ്ധതിയുടെ ഭാഗമായി നൽകുന്ന തെങ്ങിൻ തൈകളുടെ വിതരണോദ്ഘാടനം ഇരട്ടയാർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഷാജി ശൗര്യാംകുഴിയിൽ നിർവഹിച്ചു. ആശാരിക്കവല നീർത്തട പ്രദേശത്തെ 750 കുടുംബങ്ങൾക്ക് 4 തെങ്ങിൻ തൈകൾ വീതമാണ് വിതരണം ചെയ്തത് ഇത് 560000/- രൂപയുടെ പദ്ധതിയാണ്.

കൂടാതെ വാട്ടർടാങ്ക്, കിണർ പുനരുദ്ധാരണം, ആടുവളർത്തൽ എന്നീ പദ്ധതികൾ പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ചെക്ക് വിതരണം നടത്തി. 10 ലക്ഷം രുപായുടെ ചെക്കുകൾ ഇരട്ടയാർ കൃഷി ഓഫിസർ ശ്രീ. എസ്. ശ്രീകുമാർ യോഗത്തിൽ വിതരണം ചെയ്തു.

ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റി ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ഇരട്ടയാർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസ്ഡന്റ് ശ്രീമതി ലില്ലിക്കുട്ടി ആന്റണി, നെടുംങ്കണ്ടം ഗ്രാമപഞ്ചായത്ത് മെമ്പർമാരായ ശ്രീമതി പ്രീമി രാരിച്ചൻ, ശ്രീമതി അമ്പിളി ജോസഫ്, നീർത്തട പദ്ധതി പ്രോജക്ട് കോഡിനേറ്റർ ശ്രീ. ബിനീഷ് കോട്ടൂർ, എഴുകുംവയൽ സർവ്വീസ് സഹകരണബാങ്ക് പ്രസിഡന്റ് ശ്രീ. സാബു മണിമലക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. ബ്രദർ റോണി വരകുകാലായിൽ, ആശാരിക്കവല നീർത്തട കമ്മറ്റി അംഗങ്ങൾ തുടങ്ങിയവർ യോഗത്തിന് നേതൃത്വം നല്കി.

## SS 66/15 ചക്ക ഉൽഷന്നങ്ങളുടെ പ്രദർശനവും വിപണനവും

നബാഡിന്റെയും ഇടുക്കി രൂപതാ സാമൂഹിക ക്ഷേമവിഭാഗമായ ഹൈറേഞ്ച് ഡെവലപ്മെന്റ് സൊസൈറ്റിയുടെയും കീഴിലുള്ള സ്പെഡ്-ത്രീ പ്രോഗ്രാമിന്റെയും സഹകരണത്തോടെ ആരംഭിക്കുന്ന കർഷക സംരംഭമായ ഗ്രീൻ ഇടുക്കി പ്രൊഡ്യൂസേഴ്സ് കമ്പനി 2015 ആഗസ്റ്റ് മാസം 22-ാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 6 മണി വരെ നെടുങ്കണ്ടം പടിഞ്ഞാറേക്കവല പച്ചടി ജംഗ്ഷനിൽ എസ്.എച്ച്. ഇംഗ്ലിഷ് മീഡിയം സ്കൂൾ ഹാളിൽ ചക്ക മഹോത്സവം നടത്തി. മലയോര മേഖലയിൽ സുലഭമായ ചക്കയുടെ അനന്ത സാധ്യതകൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുവാൻ ഒരുക്കിയ ഈ മേളയിൽ വിവിധയിനം ചക്ക ഉൽപ്പന്നങ്ങളുടെ പ്രദർശനവും വിപണനവും നടന്നു. നെടുങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കിങ്ങിണി രാജേന്ദ്രൻ ചക്ക മഹോത്സവം ഉദ്ഘാടനം ചെയ്തു. എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. സ്പെഡ്-ത്രീ കോർഡിനേറ്റേഴ്സ്, ഗ്രീൻ ഇടുക്കി പ്രൊഡ്യൂസേഴ്സ് ഭാരവാഹികൾ തുടങ്ങിയവർ മേളയ്ക്ക് നേതൃത്വം നൽകി.



## SS 67/15 പഴവർഗ്ഗ തൈകളുടെ വിതരണം

മഞ്ഞപ്പാറയിൽ നടപ്പിലാക്കുന്ന "ഹരിത ഗ്രാമം" പദ്ധതിയുടെ ഭാഗമായി 80 കുടുംബങ്ങൾക്ക് പഴവർഗ്ഗ തൈകൾ വിതരണം ചെയ്തു. വിതരണോദ്ഘാടനം മഞ്ഞപ്പാറ ക്രിസ്തുരാജ് ചർച്ച് വികാരി റവ. ഫാ. കുര്യാക്കോസ് മറ്റം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ശ്രീ. തോമസ് തെക്കേൽ നിർവഹിച്ചു. എച്ച്.ഡി.എസ്. ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ മുഖ്യപ്രഭാഷണം നടത്തി. പ്രോജക്ട് കോർഡിനേറ്റർ ശ്രീ. എബിൻ കുറുന്താനം പരിപാടികൾക്ക് നേതൃത്വം നൽകി.

## SS 68/15 വാട്ടർ ടാങ്ക് വിതരണം

എച്ച്.ഡി.എസിന്റെ നേതൃത്വത്തിൽ ഗുണ മേൻമയുള്ള 16000/- ലിറ്ററിന്റെ വാട്ടർ ടാങ്കുകൾ വാഴവര യൂണിറ്റിൽ വിതരണം ചെയ്തു.

## SS 69/15 ജില്ലാതല വിജിലൻസ് ആന്റി മോണിട്ടറിംഗ് കമ്മറ്റി

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ജില്ലയിലെ അവലോകന കമ്മറ്റിയിൽ സന്നദ്ധ സംഘടനകളുടെ പ്രതിനിധിയായി എച്ച്.ഡി.എസ്. എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കലിനെ നിയമിച്ചിട്ടുണ്ട്. മൂന്ന് മാസം കൂടുമ്പോൾ നടക്കുന്ന അവലോകന സമ്മേളനത്തിൽ കൃത്യമായി പങ്കെടുത്ത് പദ്ധതി നടത്തിപ്പ് ഭംഗിയാക്കുന്നതിനുള്ള സംഭാവനകൾ നല്കി വരുന്നു. 10-9-2015 ൽ കളക്ട്രേറ്റിൽ വച്ച് നടന്ന മീറ്റിംഗിൽ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ പങ്കെടുത്തു.

## SS 70/15 ക്രെഡിറ്റ് യൂണിയൻ വാർഷിക സമ്മേളനം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള ഗിരിജ്യോതി ക്രെഡിറ്റ് യൂണിയന്റെ വാർഷിക ഒത്തുചേരൽ 2015 ഒക്ടോബർ മാസം 10-ാം തീയതി രാവിലെ 9.30 മുതൽ 3 മണി വരെ രാജമുടി ക്രിസ്തുരാജാ പാരിഷ് ഹാളിൽ വച്ച് നടക്കുന്നു. സോളാർ വിളക്കുകൾ, സോപ്പ്, സോപ്പ് കിറ്റ്, ജൈവവളം തുടങ്ങിയ വിവിധ സ്റ്റാളുകൾ ഉണ്ടായിരിക്കും. പച്ചക്കറി തൈകളും ലഭ്യമാകും.

# തിരുബാലസഖ്യം

## HC 15/15 ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും

സെപ്റ്റംബർ മാസത്തിൽ വെള്ളയാംകുടി, രാജാക്കാട്, കൂമ്പൻപാറ എന്നീ ഫൊറോനകളിൽവച്ച് നടത്തിയ പൊന്തിഫിക്കൽ തിരുബാലസഖ്യത്തിന്റെ റാലി മത്സരത്തിലും, കൈയ്യെഴുത്തു മാസിക മത്സരത്തിലും പങ്കെടുത്ത് സഹകരിച്ച എല്ലാവർക്കും ഹൃദ്യമായ അഭിനന്ദനങ്ങൾ. മത്സരത്തിന് നേതൃത്വം നൽകിയ എല്ലാ മേഖലകളിലെയും ബഹു. ഡയറക്ടർ അച്ചന്മാർക്കും മോഡറേറ്റർ സിസ്റ്റേഴ്സിനും പ്രത്യേകം പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും.

## HC 16/15 മേഖലാ കലോത്സവം

സെപ്റ്റംബർ 24-ാം തീയതി 10 ഫൊറോനകളിലായി നടത്തിയ തിരുബാലസഖ്യം മേഖലാ കലോത്സവത്തിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും നന്ദി അറിയിക്കുന്നു. പ്രത്യേകിച്ച് മത്സരങ്ങൾ നടത്താൻ സഹകരിച്ച ബഹു. അച്ചന്മാർക്കും സിസ്റ്റേഴ്സിനും ഒരുപാട് നന്ദി.

## HC 17/15 രൂപതാ കലോത്സവം - ഒക്ടോബർ 2

ഒക്ടോബർ 2-ാം തീയതി വാഴത്തോപ്പിൽ വച്ച് നടത്തുന്ന രൂപതാ മത്സരത്തിലേയ്ക്ക് മേഖലകളിൽ ഒന്നും, രണ്ടും സ്ഥാനം ലഭിച്ച കുട്ടികൾ പങ്കെടുക്കേണ്ടതാണ്.

## HC 18/15 മെഗാക്വിസ്

നവംബർ 10-ാം തീയതി വാഴത്തോപ്പിൽ വച്ച് നടത്തുന്ന മെഗാക്വിസ് മത്സരത്തിൽ പങ്കെടുക്കാൻ 10 മേഖലകളിലായി നടത്തിയ കുട്ടിക്വിസ് മത്സരത്തിലെ ഒന്നും, രണ്ടും സ്ഥാനം ലഭിച്ച കുട്ടികൾ ഒരു മേഖല ഒരു ടീമായി പങ്കെടുപ്പിക്കാൻ ബഹു. അച്ചന്മാരും സിസ്റ്റേഴ്സും ശ്രദ്ധിക്കുമല്ലോ.



## HC 19/15 സമ്മാന വിതരണം

ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി 10 ഫൊറോനകളിൽ നടത്തിയ തിരുബാലസഖ്യം റാലി മത്സരത്തിലും, കൈയ്യെഴുത്തു മത്സരത്തിലും പങ്കെടുത്ത് വിജയികളായവർക്കുള്ള ട്രോഫികൾ നവംബർ 10-ാം തീയതി വാഴത്തോപ്പിൽ വച്ച് വിതരണം ചെയ്യുന്നതാണ്. വിശദവിവരം പിന്നീട് അറിയിക്കുന്നതാണ്.

## HC 20/15 റാലി മത്സരങ്ങളും സെമിനാറും

| | |
|---|---|
| ഒക്ടോബർ 10 - തങ്കമണി | ഒക്ടോബർ 22 - പാറത്തോട് |
| ഒക്ടോബർ 23 - ചുരുളി | ഒക്ടോബർ 24 - വെള്ളത്തൂവൽ |

# ചെറുപുഷ്പ മിഷൻലീഗ്

## CML 54/15 ഓർമ്മിക്കാൻ

**ഒക്ടോബർ 2015**

01 വ്യാഴം : വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, മിഷൻ മാസാരംഭം, അസാധാരണ സമ്മേളനം, പൊതുദിവ്യകാരുണ്യ സ്വീകരണം.

03 ശനി : ചെറുപുഷ്പ മിഷൻ ലീഗിന്റെ 69-ാം സ്ഥാപകദിനം, പതാകവന്ദനം, (ശാഖകളിൽ പതാക ഉയർത്തി അഭിവാദനം ചെയ്യുക)

04 ഞായർ : വി. ഫ്രാൻസീസ് അസീസ്സിയുടെ തിരുനാൾ, ശാഖകളിൽ മിഷൻറാലി നടത്തുക.

10 ശനി : വാഴത്തോപ്പ് റീജിയണൽ സംഗമം.

17 ശനി : മിഷൻ ഞായറിന് മുന്നോടിയായുള്ള ഭവനസന്ദർശനം.

18 ഞായർ : മിഷൻ ഞായർ, അസാധാരണ സമ്മേളനം, പൊതു ദിവ്യകാരുണ്യ സ്വീകരണം, പ്രേഷിതറാലി.

22 വ്യാഴം : ഇരട്ടയാർ റീജിയണൽ സംഗമം, രൂപതാ എക്സിക്യൂട്ടീവ് 6.00 p.m. മുരിക്കാശ്ശേരിയിൽ.

23 വെള്ളി : രൂപതാ മിഷൻ കലോത്സവം, മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസ്.എസിൽ.

24 ശനി : അടിമാലി, പാറത്തോട് റീജിയണൽ സമ്മേളനം സംയുക്തമായി.

## CML 55/15 **മിഷൻ റാലി**

വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് സൗകര്യപ്രദമായ ദിവസം ശാഖകളിൽ റാലി നടത്തുക.

## CML 56/15 **ഒക്ടോബർ 18 മിഷൻ ഞായർ**

ഒക്ടോബർ 18-ാം തീയതി മിഷൻ ഞായറിനോടനുബന്ധിച്ച് ഭവന സന്ദർശനവും മിഷൻ പിരിവും മിഷൻ സ്റ്റാളും നടത്തി മിഷൻ ഞായർ സമുചിതമായി ആഘോഷിക്കുവാൻ ശ്രദ്ധിക്കുമല്ലോ. മിഷൻ കലണ്ടർ ഇടവകളിൽ എത്തിക്കുന്നതാണ്.

## CML 57/15 **ഒക്ടോബർ 23 രൂപത മിഷൻ കലോത്സവം**

ഒക്ടോബർ 10 ന് നടത്തുവാൻ തീരുമാനിച്ചിരുന്ന രൂപത കലോത്സവം അന്നേദിവസം കെ.സി.എസ്.എൽ. സംസ്ഥാന സാഹിത്യമത്സരം നടക്കുന്നതിനാൽ ഒക്ടോബർ 23-ാം തീയതിയിലേയ്ക്ക് മാറ്റിയിരിക്കുന്നു. മുരിക്കാശ്ശേരി സെന്റ് മേരീസ് എച്ച്.എസ്.എസിൽ വച്ച് രാവിലെ 9 മണിക്ക് പതാകയുയർത്തലോടുകൂടി മത്സരങ്ങൾ ആരംഭിക്കുന്നതാണ്.മേഖല കലോത്സവത്തിൽ ഒന്നും,രണ്ടും സ്ഥാനം നേടി വിജയികളായവരെ രൂപത കലോത്സവത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

## CML 58/15 **ഒക്ടോബർ 10, 22, 24 റീജിയണൽ സംഗമങ്ങൾ**

മിഷൻ ലീഗിന്റെ 4 റീജിയണുകളിലും റീജിയണൽ സംഗമങ്ങൾ നടത്തുന്നു.എല്ലാ ശാഖകളിലേയും പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോ. സെക്രട്ടറി, ഓർഗനൈസർ, മോഡറേറ്റർ,/ ആനിമേറ്റർ എന്നിവരേയാണ് (6 പേർ ഒരോ ശാഖയിൽ നിന്നും) സംഗമത്തിന് പ്രതീക്ഷിക്കുന്നത്. ക്ലാസ്സുകൾക്ക് പ്രഗല്ഭർ നേതൃത്വം നൽകുന്നു. സമയം രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി



വരെ. കുട്ടികൾ ഉച്ചഭക്ഷണം, നോട്ട്ബുക്ക്, പേന എന്നിവ കൊണ്ടുവരണം. രജിസ്ട്രേഷൻ ഫീസ് ഇല്ല.

**സംഗമങ്ങൾ നടത്തുന്ന സ്ഥലങ്ങളും തീയതികളും**

**ഒക്ടോബർ 10 ശനി** -വാഴത്തോപ്പ് റീജിയൺ -സെന്റ് ജോർജ്ജ് യു.പി.എസ്. വാഴത്തോപ്പ് (വാഴത്തോപ്പ്, ചുരുളി, തങ്കമണി മേഖലകൾ)

**ഒക്ടോബർ 22 വ്യാഴം –** ഇരട്ടയാർ റീജിയൺ-സെന്റ് തോമസ് പാരീഷ്ഹാൾ ഇരട്ടയാർ (ഇരട്ടയാർ, നെടുംകണ്ടം, വെള്ളയാംകുടി മേഖലകൾ)

**ഒക്ടോബർ 24 ശനി –** അടിമാലി-പാറത്തോട് റീജിയണുകൾ സംയുക്തമായി-സെന്റ് ജോർജ്ജ് എച്ച്.എസ്.എസ് പാറത്തോട്. (അടിമാലി, പൊട്ടൻകാട്, രാജാക്കാട്, പാറത്തോട്, മുരിക്കാശ്ശേരി, കല്ലാറുകുട്ടി മേഖലകൾ)

## CML 59/15 **ഏകദിന ദൈവവിളി മേഖല സെമിനാർ**

നവംബർ മാസം 10-ാം തീയതി ചൊവ്വാഴ്ച രൂപതയിലെ 12 മേഖലകളിലും ദൈവവിളി സെമിനാർ നടത്തുന്നു. എല്ലാ ശാഖകളിലും 10 ക്ലാസ്സിൽ പഠിക്കുന്ന മുഴുവൻ കുട്ടികളെയുമാണ് ഉദ്ദേശിക്കുന്നത്. സമയം രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ കുട്ടികൾ ഉച്ചഭക്ഷണം, നോട്ടുബുക്ക്, പേന എന്നിവ കൊണ്ടുവരണം. രജിസ്ട്രേഷൻ ഫിസ് ഇല്ല.

## CML 60/15 **അംഗത്വ ഫീസും പ്രവർത്തനഫണ്ടും**

മിഷൻ ലീഗിന്റെ ഒരോ അംഗത്തിൽ നിന്നും 20 രൂപ സമാഹരിക്കുന്ന വിവരം നേരത്തെ അറിയിച്ചിരുന്നു. ഇനിയും സമാഹരിക്കാത്ത ശാഖകൾ ഒക്ടോബർ 10 ന് മുൻപ് സമാഹരിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

## CML 61/15 **ഹെസദ് മീറ്റ്**

രൂപതാ സമിതിയുടെ നേതൃത്വത്തിൽ ശാഖകളിൽ ദൈവകരുണ, സംഘടന പ്രവർത്തനം എന്നിവയെ കുറിച്ച് ഏകദിന സെമിനാർ നടത്തുന്നു. ഹെസദ് മീറ്റ് നടത്താൻ താല്പര്യമുള്ള ശാഖകൾ

താഴെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

ഡയറക്ടർ - ഫാ മാത്യു അരയത്തിനാൽ - 9947576229
പ്രസിഡന്റ് - ഷിബു മഠത്തിൽ - 8547063001
ജൊ.ഡയറക്ടർ - സി. ദീപറോസ് SD - 8157839452

## CML 62/15 രൂപതാ ക്യാമ്പ്

ആഗസ്റ്റ് 23, 24, 25, 26 -തീയതികളിൽ പടമുഖം സ്നേഹ മന്ദിരത്തിൽ വച്ച് നടന്ന 'ചിസ്പ 2015' നേതൃത്വ പരിശീലന രൂപ താക്യാമ്പിൽ 81 കുട്ടികൾ പങ്കെടുത്തു. വെരി. റവ. ഫാ. മാത്യു തൊട്ടി യിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. അനൂപ് മുണ്ടയ്ക്കൽ CSsR, റവ. ഫാ. പ്രിൻസ് തെക്കെപ്പുറം CSsR എന്നിവർ ക്ലാസ്സുകൾ നയിച്ചു. രൂപതാക്യാമ്പിന് ഡയറക്ടർ റവ. ഫാ. മാത്യു അരയത്തി നാൽ, പ്രസിഡന്റ് ഷിബു മഠത്തിൽ, സെക്രട്ടറി ജെമി മൈലാടി യിൽ, ഓർഗ നൈസർ ബിനോയി കടുവനാൽ ജോ. സെക്രട്ടറി സി. ദീപാ റോസ് SD, സി. ജോംസി എസ്.എച്ച്., സിനോജ് ചെറു താനി, സാബു കുടുംബവിളയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

## CML 63/15 പ്രതിഭാ സംഗമം

രൂപത സാഹിത്യ മത്സരത്തിൽ ഒന്നും രണ്ടും സ്ഥാനം നേടി യവർക്കായി സെപ്റ്റംബർ 20-ാം തീയതി മുരിക്കാശ്ശേരി പാവനാത്മ കോളേജിൽവച്ച് പ്രതിഭാസംഗമം നടത്തി. രൂപതാ പ്രസിഡന്റ് ഷിബു മഠത്തിലിന്റെ അദ്ധ്യക്ഷത വഹിച്ച സംഗമം രൂപത ചാൻസിലർ റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയ റക്ടർ റവ. ഫാ. മാത്യു അരയത്തിനാൽ സ്വാഗതവും ജെമി മൈലാ ടിയിൽ നന്ദിയും രേഖപ്പെടുത്തി.

## CML 64/15 ഹെസദ് മീറ്റ് ട്രെയിനിങ്ങ് പ്രോഗ്രാം

സി.എം.എൽ. രൂപത ഭാരവാഹികൾക്കായി സെപ്റ്റംബർ 20-തീയതി ഞായാറാഴ്ച വൈകുന്നേരം മുരിക്കശ്ശേരി പാവനാത്മ കോളേജിൽ വച്ച് ദൈവകരുണയെ കുറിച്ച് ഹെസദ് മീറ്റ് ട്രെയിനിങ്ങ് പ്രോഗ്രാം നടത്തി. രൂപത ചാൻസിലർ റവ. ഡോ. ജോസഫ് കൊച്ചുകുന്നേൽ ക്ലാസ് നയിച്ചു



## CML 65/15 രൂപതാ സാഹിത്യമത്സര വിജയികൾ

### ജൂണിയർ ആൺകുട്ടികൾ

**ഉപന്യാസം**

I st അമൽ ജോർജ്ജ് ശൗര്യാംകുഴിയിൽ, പെരിഞ്ചാംകുട്ടി
II nd ജെസ്റ്റിൻ റ്റി.സി, ചക്കാലയിൽ പാണ്ടിപ്പാറ
III rd ജോർജ്കുട്ടി ജെയിംസ് മുള്ളൻനട, കാൽവരിമൗണ്ട്
III rd ഡെൽവിൻ റോയി ഇളപ്പുങ്കൽ, നാലുമുക്ക്

**കവിത**

I st ജോർജ്കുട്ടി ജെയിംസ് മുള്ളൻനട, കാൽവരിമൗണ്ട്
II nd ജെസ്ബിൻ നെല്ലിച്ചുവട്ടിൽ, അടിമാലി
III rd മനു ജോസഫ് കുറ്റിക്കാട്ടിൽ, ജോസ്ഗിരി
III rd നീൽ എബി അതിരംപുഴയിൽ, അടിമാലി

**ചെറുകഥ**

I st ചെറിയാൻ തോമസ് വലിയകുളത്തിൽ, വെള്ളായാംകുടി
II nd ജെസ്റ്റിൻ റ്റി.സി, ചക്കാലയിൽ പാണ്ടിപ്പാറ
III rd സ്റ്റാൽബിൻ തോമസ് ഈറ്റപ്പുറത്ത്, പച്ചടി

### ജൂണിയർ പെൺകുട്ടികൾ

**ഉപന്യാസം**

I st അലീന മരിയ ജോർജ്ജ് കോയിക്കൽ, ഇരട്ടയാർ
II nd ആൻ മരിയ ജേക്കബ് താഴത്തുതയ്യിൽ, ആനക്കുളം
III rd മിന്റുമോൾ സിബി പയ്യംമ്പിള്ളിൽ, പലാർ
III rd എമിൽ സി അബ്രാഹം, നെല്ലിപ്പാറ

**കവിത**

I st ക്രിസ്റ്റി പ്രിൻസ് ചെരിപുറത്ത്, പേഴുംകണ്ടം
II nd പവിത്ര തെരേസ് ജോർജ്ജ് മുത്തനാട്ട്, ഇരട്ടയാർ
III rd അലീന സണ്ണി ചെമ്പനാനിക്കൽ, വാത്തിക്കുടി

**ചെറുകഥ**

I st അഞ്ചു മോൾ തോമസ് പാക്കല്ലിൽ, കഞ്ഞിക്കുഴി
II nd ചെൽസിമരിയ ഇ.എൽ ഇല്ലിയ്ക്കൽ, കാൽവരിമൗണ്ട്
III rd ക്രിസ്റ്റീന കുര്യൻ മുളങ്ങാശ്ശേരിയിൽ, പാണ്ടിപ്പാറ

**സീനിയർ ആൺകുട്ടികൾ**

**ഉപന്യാസം**

I^st^ ആർവിൻ മാത്യൂ വെള്ളയ്ക്കാകുടിയിൽ, പാറത്തോട്

II^nd^ അമൽ എ കോലോത്ത്, നാരകക്കാനം

III^rd^ മാനുവൽ റോയിസൺ ആനിക്കുഴിക്കാട്ടിൽ, കുഞ്ചിത്തണ്ണി

**കവിത**

I^st^ നെവിൻ റോയി പുളിയ്ക്കതുണ്ടിയിൽ, ചേമ്പളം

II^nd^ ആൽബിൻ തോമസ് കുന്നേൽ, നെല്ലിപ്പാറ

III^rd^ അമൽ ജിജു ചോള്ളാക്കുന്നേൽ, തോക്കുപ്പാറ

**ചെറുകഥ**

I^st^ നിർമൽ മാത്യു കൊല്ലമ്മാവടിയിൽ, മുരിക്കുംതൊട്ടി

II^nd^ നവീൻ ജോൺ, തേക്കുംകാനത്തിൽ കാന്തിപ്പാറ

III^rd^ ബിനിൽ വി. ജെയിസൺ വാണിയപുരയ്ക്കൽ, കാമാക്ഷി

**സീനിയർ പെൺകുട്ടികൾ**

**ഉപന്യാസം**

I^st^ അൽഫോൻസ ജോസ് തയ്യിൽ, കരിമ്പൻ

II^nd^ ഡോണ സൂസൻ സിബി വെള്ളാപ്പിള്ളിൽ, ചെമ്മണ്ണാർ

III^rd^ ഹർഷ കെ. ജോസഫ് കിഴക്കേൽ, മാവടി

III^rd^ ആർദ്ര ടോമി പുലിപറമ്പിൽ, മുരിക്കുംതൊട്ടി

**കവിത**

I^st^ അഞ്ജന തോമസ് അയ്യമലയിൽ, ഉദയഗിരി

II^nd^ ലിബിന സിബി പെരുമ്പള്ളിൽ,കിളിയാർകണ്ടം

III^rd^ ജ്യോതിസ് അബ്രാഹം ചീരംകുന്നേൽ, നാലുമുക്ക്

**ചെറുകഥ**

I^st^ അഞ്ജന തോമസ് അയ്യമലിയിൽ, ഉദയഗിരി

II^nd^ ഹർഷ കെ. ജോസഫ് കിഴക്കേൽ, മാവടി

III^rd^ ജിഫി റെജി വാക്കപ്പറമ്പിൽ, ആനച്ചാൽ

**സൂപ്പർ സീനിയർ ആൺകുട്ടികൾ**

**ഉപന്യാസം**

I^st^ ജോൺസൺ തോമസ് കൊടുങ്ങുക്കാരൻ, വിമലഗിരി

II^nd^ ഷൈൻ ജോർജ് തകിടിപ്പുറത്ത്, കോമ്പയാർ

III^rd^ വർക്കി ദേവസ്യ കണ്ണാക്കുഴിയിൽ, നെടുങ്കണ്ടം



**കവിത**

I^st^ ജോസ് പാലത്തിങ്കൽ, മുളകുവള്ളി

II^nd^ രഞ്ജിത്ത് ജേക്കബ്, മുതുപ്ലാക്കൽ, പണിക്കൻകുടി

III^rd^ റെക്സ് അബ്രാഹം തെങ്ങുംപള്ളിൽ, താന്നിക്കണ്ടം

**ചെറുകഥ**

I^st^ പ്രശാന്ത് എം. പുളിയ്ക്കൽ, എഴുകുംവയൽ

II^nd^ ബെന്നി വി.വി വേങ്ങചുവട്ടിൽ, ഉദയഗിരി

III^rd^ ജെസ്ബിൻ സിറിയക്ക് പെരുമാലിൽ, മുരിക്കാശ്ശേരി

**സൂപ്പർ സീനിയർ പെൺകുട്ടികൾ**

**ഉപന്യാസം**

I^st^ ജിൻസി റെജി നെല്ലുവേലിൽ, മുരിക്കാശ്ശേരി

II^nd^ ജിഫി ജോർജ്ജ് പൂണേലിൽ, കൂമ്പൻപാറ

III^rd^ അനിലമോൾ ജോസഫ്, കാരാമേൽ ചേമ്പളം

**കവിത**

I^st^ സിമി സജി മണ്ണിപ്ലാക്കൽ, വാഴവര

II^nd^ ഡെയ്സി തങ്കച്ചൻ പൂതകുഴിയിൽ, കിളിയാർകണ്ടം

III^rd^ സെലിൻ മൈക്കിൾ വലിയപറമ്പിൽ, നെടുങ്കണ്ടം

**ചെറുകഥ**

I^st^ അലന ബെന്നി പുല്ലൻകുന്നേൽ, കല്ലുപാലം

II^nd^ അഞ്ചുമോൾ ബാബു ഉപ്പുമാക്കൽ, പൊട്ടൻകാട്

III^rd^ ജിസ്മി സി.ജെ. ചേന്നാട്ട്, ഇരട്ടയാർ

## CML 66/15 സംസ്ഥാന സാഹിത്യ മത്സരം

സെപ്റ്റംബർ 21-ാം തീയതി സംസ്ഥാന സാഹിത്യ മത്സരം മുരിക്കാശ്ശേരി പാവനാത്മ കോളേജിൽ വച്ച് നടത്തപ്പെട്ടു. ഇടുക്കി രൂപതയിൽ നിന്ന് 38 പേർ പങ്കെടുത്തു.

## CML 67/15 ജീവജലം വചനമെഴുത്ത് മത്സരം

സി.എം.എൽ. ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 21-ാം തീയതി മുരുക്കാശ്ശേരി പാവനാത്മ കോളേജിൽവച്ച് നടത്തിയ ജീവജലം വചനമെഴുത്ത് മത്സരത്തിൽ വിവിധ ശാഖകളിൽ നിന്ന് 200-ഓളം കുട്ടികൾ പങ്കെടുത്തു. രൂപതാ ഭാരവാഹികൾ മത്സരത്തിന് നേതൃത്വം നൽകി.

## CML 68/15 നാമഹേതുക തിരുനാൾ

സെപ്റ്റംബർ 21-ാം തീയതി നാമഹേതുകതിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ പിതാവിന് രൂപത ഭാരവാഹികൾ കരിമ്പൻ ബിഷപ്സ് ഹൗസിൽ ആശംസകൾ നേർന്നു.

# കെ.സി.എസ്.എൽ.

## KCSL45/15 ശതാബ്ദി മഹാസംഗമം : വല്ലാർപാടം

കെ.സി.എസ്.എൽ. സംഘടനയുടെ ശതാബ്ദിയോടനുബന്ധിച്ച് വല്ലാർപാടത്തു വച്ചു നടന്ന റാലിയിലും മഹാസംഗമത്തിലും നമ്മുടെ രൂപതയിൽ നിന്നും 130 കെ.സി.എസ്.എൽ. അംഗങ്ങളും 15 അധ്യാപകരും പങ്കെടുത്തു.

## KCSL46/15 ശതാബ്ദി സാഹിത്യോത്സവം

സാഹിത്യോത്സവം ഒക്ടോബർ 10 ന് രൂപതയിലെ 5 കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നു. ഇരട്ടയാർ, മുരിക്കാശേരി, വാഴത്തോപ്പ്, നെടുങ്കണ്ടം, കൂമ്പൻപാറ എന്നീ സെന്ററുകളിലായിരിക്കും സാഹിത്യമത്സരം നടത്തപ്പെടുന്നത്.

## KCSL47/15 ജീവിത വിശുദ്ധീകരണ ധ്യാനം

H.S., H.S.S. വിഭാഗങ്ങളിലെ കുട്ടികൾക്കായി സ്നേഹമന്ദിരം ധ്യാനകേന്ദ്രം പടമുഖത്തുവച്ച് ഒക്ടോബർ 21-24 വരെ ജീവിത വിശുദ്ധീകരണധ്യാനം നടത്തുന്നു. 21-നു 4 മണിക്ക് ആരംഭിച്ച് 24-നു 3 മണിക്ക് അവസാനിക്കും.

യു.പി. വിഭാഗം കുട്ടികൾക്കായുള്ള ധ്യാനവും ഒക്ടോബർ 21 മുതൽ 24 വരെ തീയതികളിൽ കൂമ്പൻപാറ ഫാത്തിമ മാതാ H.S.S. ൽ വച്ച് നടത്തുന്നു.

രണ്ടു ധ്യാനങ്ങളിലും പങ്കെടുക്കാനുള്ള കുട്ടികളുടെ എണ്ണം ഒക്ടോബർ 15-നകം രൂപതാ ഓഫീസിൽ അറിയിക്കണം. ഒരു സ്കൂളിൽ, ഓരോ വിഭാഗത്തിൽ നിന്നും 5 ആൺകുട്ടികൾ 5



പെൺകുട്ടികൾ എന്ന ക്രമത്തിൽ കുട്ടികളെ അയയ്ക്കാൻ ശ്രദ്ധിക്കുമല്ലോ. ഫീസ് 500 രൂപയായിരിക്കും.

## KCSL48/15 ശതാബ്ദി കലോത്സവം

ഈ വർഷത്തെ കലോത്സവം നവംബർ 10 ന് മുരിക്കാശേരി S.M.H.S.S.-ൽ വച്ചു നടത്തപ്പെടുന്നു. മാർഗരേഖയിൽ നൽകിയിരിക്കുന്ന മാതൃകയിൽ എൻട്രി ഫോം തയ്യാറാക്കി ഒക്ടോബർ 23-നകം രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ. മത്സര ഇനങ്ങൾക്ക് മാർഗരേഖയിലെ ക്രമനമ്പർ തന്നെ കോഡ് നമ്പരായി ഉപയോഗിച്ചാൽ മതി. (ഉദാ : കഥാ പ്രസംഗം: 7)

ഈ വർഷത്തെ സ്റ്റഡി സർക്കിൾ വിഷയങ്ങൾ

U.P. : വിശ്വാസം സ്നേഹ കൂട്ടായ്മയ്ക്ക് അടിസ്ഥാനം.

H.S. : കത്തോലിക്കാ വിദ്യാഭ്യാസ ലക്ഷ്യം ക്രിസ്തുവിൽ പൂർണത പ്രാപിക്കുക.

H.S.S. : സേവനം ക്രൈസ്തവികതയുടെ മുഖമുദ്ര.

# കെ.സി.വൈ.എം.

## KCYM 46/15 ജീസസ് നൈറ്റ്

സെപ്റ്റംബർ 13 ശനിയാഴ്ച എല്ലക്കല്ലു ശാഖയിൽ ജീസസ് നൈറ്റ് നടത്തി. എല്ലക്കല്ല് സെന്റ് ആന്റണീസ് പള്ളി വികാരി ബഹു. ഫാ. ജോസ് കൊച്ചുപുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. ജീസസ് നൈറ്റിൽ എല്ലക്കല്ല് യൂണിറ്റിലെ 100-ഓളം യുവജനങ്ങൾ പങ്കെടുത്തു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ ഫാ. ഫ്രാൻസീസ് അമ്പലത്തിങ്കൽ മുഖ്യപ്രഭാഷണം നടത്തുകയും രൂപതാ പ്രസിഡന്റ് സിജോ ഇലന്തൂർ ആശംസകൾ അർപ്പിക്കുകയും ചെയ്തു. കോതമംഗലം രൂപതയുടെ മുൻ കെ.സി.വൈ.എം. പ്രസിഡന്റ് ശ്രീ ജയ്സൺ അറയ്ക്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. 14-ാം തീയതി രാവിലെ 6.00 മണിക്ക് നടന്ന വി. കുർബാനയോടുകൂടി ജീസസ് നൈറ്റ് സമാപിച്ചു.

**KCYM 47/15 ഹരിത യുവസംഗമം**

സെപ്റ്റംബർ 24 ന് എറണാകുളം പി.ഒ.സിയിൽ ഹരിത യുവസംഗമം നടന്നു. സംസ്ഥാന കെ.സി.വൈ.എം. സമിതിയുടെ നേതൃത്വത്തിൽ നടന്ന സംഗമത്തിൽ ഇടുക്കി രൂപതയിൽ നിന്നും കെ.സി.വൈ.എം. ഡയറക്ടറച്ചനും ഭാരവാഹികളും പങ്കെടുത്തു.

**KCYM 48/15 അർദ്ധവാർഷിക കൗൺസിലും നേതൃത്വ സംഗമവും**

ഒക്ടോബർ 17 ന് കരിമ്പൻ സെന്റ് മേരീസ് പള്ളിയിൽവച്ച് കെ.സി.വൈ.എം. ന്റെ അർദ്ധവാർഷിക കൗൺസിലും നേതൃത്വ സംഗമവും നടത്തപ്പെടുന്നു. പ്രസ്തുത കൗൺസിലിലും സംഗമത്തിലും രൂപത, മേഖല, ശാഖാതല ഭാരവാഹികൾ പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

## കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

**MVS 18/15 ഗാന്ധി ജയന്തി അനുസ്മരണവും മദ്യവിരുദ്ധ റാലിയും സമ്മേളനവും സായാഹ്ന ധർണയും**

ഇന്ത്യയുടെ രാഷ്ട്ര പിതാവായ മഹാത്മഗാന്ധിയുടെ നൂററിനാല്പത്തിയാറമത് ജന്മദിനം (ഒക്ടോബർ 2 ) മദ്യവിരുദ്ധ ദിനമായി ആചരിക്കുന്നു. ഭാരതം ലഹരി വിമുക്തമായിരിക്കണമെന്ന് മഹാത്മജിക്ക് ഏറെ ആഗ്രഹമുണ്ടായിരുന്നു. എന്നാൽ, നമ്മുടെ കുടുംബങ്ങളും യുവാക്കളും, സമൂഹവും ഇന്നും ലഹരിയിൽ മുങ്ങി നശിച്ചുകൊണ്ടിരിക്കുകയാണ്. ഈ അവസരത്തിലാണ് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ഇടുക്കി രൂപതാ കമ്മറ്റിയുടെ തീരുമാനപ്രകാരം തങ്കമണിയിൽ വച്ച് ഗാന്ധിജയന്തി അനുസ്മരണവും മദ്യവിരുദ്ധ റാലിയും പൊതുസമ്മേളനവും സായാഹ്ന ധർണയും ഒക്ടോബർ 1 വ്യാഴം ഉച്ചകഴിഞ്ഞ് 2 മണിക്ക് നടക്കുന്നത്. തങ്കമണി സെന്റ് തോമസ് ഫൊറോനയിലെ വിവിധ ഇടവകകളുടെ സഹകരണത്തോടെയാണ് പ്രോഗ്രാം നടക്കുക. തങ്കമണി ഫൊറോന വികാരി ഫാ. തോമസ്



നെച്ചിക്കാട്ട് കൺവീനറായും, ഫാ. ജോബി വാഴയിൽ ചെയർമാനായും ശ്രീ. റോജസ് എം. ജോർജ് സെക്രട്ടറിയായും, ശ്രീ മൈക്കിൾ വാഴയിൽ പ്രോഗ്രാം കോർഡിനേറ്ററും ആയിരിക്കും. ഡോ. വിൻസെന്റ് മാളിയേക്കൽ മദ്യനിരോധന സമിതി ഇടുക്കി ജില്ലാ പ്രസിഡന്റ് പൊതുയോഗം ഉദ്ഘാടനം ചെയ്ത് സംസാരിക്കും. ഫാ. ജോസഫ് പാപ്പാടി, രൂപതാ ഡയറക്ടർ അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഫാ. തോമസ് നെച്ചിക്കാട്ട് സ്വാഗതം ആശംസിക്കും. ശ്രീ. സിൽബി ചുനയംമാക്കൽ, മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ പ്രസിഡന്റ് ആമുഖ സന്ദേശം നല്കും. മുഖ്യപ്രഭാഷണം നടത്തുന്നത് ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ ആണ്. ഗാന്ധിജി അനുസ്മരണസന്ദേശം നല്കുന്നത് ഫാ. ബെന്നോ പുതിയാപറമ്പിൽ (വൈസ് പ്രിൻസിപ്പൽ പാവനാത്മാ കോളേജ് മുരിക്കാശ്ശേരി) ആയിരിക്കും. സമ്മേളനത്തോടനുബന്ധിച്ച് മജീഷ്യൻ ഗോപിനാഥ് മുതുകാടിന്റെ **മദ്യവിരുദ്ധ ''മാജിക് ഷോ''** ഉണ്ടായിരിക്കും. ഈ പ്രോഗ്രാം രൂപതയിലെ വിവിധ സ്ഥലങ്ങളിൽ, വൈകുന്നേരങ്ങളിൽ പ്രൊജക്ടറിന്റെ സഹായത്തോടെ തുടർന്നുള്ള നാളുകളിൽ നടത്തപ്പെടുന്നതാണ്.

## ഫാമിലി അപ്പസ്തോലേറ്റ്

**FA 15/15 വിവാഹ ഒരുക്ക സെമിനാർ**

ഒക്ടോബർ 12 തിങ്കൾ - 14 ബുധൻ
ഒക്ടോബർ 26 തിങ്കൾ - 28 ബുധൻ

**FA 16/15 ഏലീശ്വാ ധ്യാനം**

2015 ഒക്ടോബർ 16 - 18 തീയതികളിൽ അടിമാലി ആത്മജ്യോതിയിൽ ഏലീശ്വാ ധ്യാനം നടത്തപ്പെടുന്നു. വെള്ളിയാഴ്ച വൈകുന്നേരം 5.00 മണിക്ക് ആരംഭിച്ച് ഞായാറാഴ്ച 3.00 മണിക്ക് സമാപിക്കും.

FA 17/15 **ജോർദ്ദാനിയ**

ഒക്ടോബർ 5 തിങ്കളാഴ്ച്ച വൈകിട്ട് 4.00 ന് രാജാക്കാട് ക്രിസ്തുരാജാ ഫൊറോനാ പള്ളിയിൽവച്ച് അഭിവന്ദ്യ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് കൂടുതൽ മക്കളുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് മാമ്മോദീസ നൽകും.

## മാതൃവേദി

### ജീവോത്സവം

മാതൃദീപ്തിയുടെ നേതൃത്വത്തിൽ 2015 നവംബർ 14 ന് ജീവോത്സവം നടത്തപ്പെടുന്നു.1995 ജനുവരി 1 നുശേഷം വിവാഹിതരും അഞ്ചോ അതിലധികമോ കുട്ടികൾ ഉള്ളതുമായ കുടുംബങ്ങൾ, 2000 ജനുവരി 1 ന് ശേഷം വിവാഹിതരായവരും നാലോ അതിലധികമോ കുട്ടികൾ ഉള്ളതുമായ കുടുംബങ്ങളെ ആദരിക്കുന്നു. ഈ ജീവോത്സവത്തിൽ പങ്കെടുക്കാനുള്ള കുടുംബങ്ങളുടെ എണ്ണം രൂപതാകേന്ദ്രത്തിൽ ഒക്ടോബർ 30 ന് മുമ്പായി എത്തിക്കുമല്ലോ.

## പ്രാർത്ഥനാ ഗ്രൂപ്പ്

### ലീഡേഴ്സ് കൂട്ടായ്മ

ഇടുക്കി സോണിലെ ഇടവക പ്രാർത്ഥനാ ഗ്രൂപ്പുകളിലെ കോർഗ്രൂപ്പ് അംഗങ്ങളേയും ലീഡേഴ്സിനേയും ഉൾപ്പെടുത്തി സോണൽ ലീഡേഴ്സ് കൂട്ടായ്മ സെപ്റ്റംബർ 21 തിങ്കളാഴ്ച വൈകിട്ട് 5.00 മുതൽ 9.00 വരെ മുരിക്കാശ്ശേരി പള്ളിയിൽ നടന്നു. വിവിധ സബ് സോണുകളിലെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി കാര്യങ്ങൾ പ്ലാൻ ചെയ്യുകയും ചെയ്തു.



### നേതൃത്വ ധ്യാനം

പ്രാർത്ഥനാ ഗ്രൂപ്പുകളുടെ കോർഗ്രൂപ്പ് അംഗങ്ങൾക്കായി ഒക്ടോബർ 22, 23, 24 തീയതികളിൽ ധ്യാനം നടത്തുന്നു. രൂപതാ ഡയറക്ടർ ഫാ. ജോർജ്ജ് നിരവത്തും, മുൻ ഡയറക്ടർ ഫാ. ജോസ് നരിതൂക്കിലും ഈ ധ്യാനത്തിന് നേതൃത്വം നൽകും. മുരിക്കാശ്ശേരിയിലും, എല്ലക്കല്ലിലും രണ്ട് ധ്യാനങ്ങളാണ് നടത്തപ്പെടുന്നത്.

### ആനിമേറ്റേഴ്സ് സംഗമം

ഇടുക്കി സോണിലെ വിവിധ സബ്സോണുകളിലെ ആനിമേറ്റർ അച്ചൻമാരുടെയും ജീസസ് യൂത്ത്, കപ്പിൾസ്, പാരിഷ് മിനിസ്ട്രി തുടങ്ങിയ മിനിസ്ട്രി ആനിമേറ്റർ അച്ചൻമാരുടെയും ഒരു കൂട്ടായ്മ ഒക്ടോബർ 19 തിങ്കളാഴ്ച 7 മണിക്ക് വാഴത്തോപ്പ് കത്തീഡ്രൽ പള്ളിയിൽ വെച്ച് കൂടുന്നു.

### ജീവജ്വാലാ വാരം

സെപ്റ്റംബർ 22 മുതലുള്ള ദിവസങ്ങളിൽ ജീവജ്വാല വരിക്കാരെ ചേർക്കുന്നതിന് ഇടവകകളിൽ വീടുകൾ സന്ദർശിച്ച് പ്രാർത്ഥനാ ഗ്രൂപ്പുകൾ വേണ്ട ക്രമീകരണങ്ങൾ ചെയ്തു.

### ക്യാൻസർ രോഗ പ്രാർത്ഥനാദിനം

നമ്മുടെ മേഖലയിൽ പകർച്ചവ്യാധി പോലെ പെരുകുന്ന ക്യാൻസർ രോഗവും അത് വരുത്തുന്ന വിശ്വാസ പ്രതിസന്ധിയും പ്രർത്ഥനാ വിഷയമാക്കണമെന്ന തീരുമാനത്തിന്റെ വെളിച്ചത്തിൽ ഒക്ടോബർ മാസം 2-ാം തീയതി ചുരുളി പള്ളിയിൽ വച്ച് ഏകദിന മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു. അന്നേ ദിവസം ക്യാൻസർ രോഗികൾക്ക് വേണ്ടിയുള്ള പ്രത്യേക പ്രാർത്ഥനയും നടക്കുന്നു. K.S.T. ചെയർമാൻ ഫാ. സെബാസ്റ്റ്യൻ കറുകപ്പിള്ളി നേതൃത്വം നൽകുന്നു.

### ജീസസ്സ് യൂത്ത് മദ്ധ്യസ്ഥ പ്രാർത്ഥന

താന്നിക്കണ്ടം സെന്റ് മേരീസ് ദൈവാലയത്തിൽ റവ. മോൺ ജയിംസ് മംഗലശ്ശേരി ഇടുക്കി സോണിലെ ജീസസ്സ് യൂത്തിന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്ക് തിരികൾ തെളിച്ചുകൊണ്ട് തുടക്കം കുറി

ച്ചു. മദ്ധ്യസ്ഥ പ്രാർത്ഥനാ ടീമിന്റെ നേതൃത്വത്തിൽ എല്ലാ സബ്സോണിലും 3 മണിക്കൂർ ദിവ്യകാരുണ്യസന്നിധിയിൽ യുവജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടത്തുവാൻ തീരുമാനമായി. എല്ലാ മാസത്തിന്റെയും 3-ാം വെള്ളിയാഴ്ചകളിൽ 6 മണി മുതൽ 9 മണി വരെ താന്നിക്കണ്ടം ദൈവാലയത്തിൽ യുവജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നതാണ്.

### You to Christ (Y2C)

സെപ്റ്റംബർ 5 ന് ജീസസ്സ് യൂത്ത് വൺഡേ കോൺഫ്രൻസ് വാഴത്തോപ്പ് കത്തിഡ്രലിൽ നടന്നു. രൂപതാ ചാൻസലർ റവ. ഫാ. ജോസഫ് കൊച്ചുകുന്നേൽ കരുണയുടെ വർഷത്തെക്കുറിച്ച് ആമുഖ പ്രഭാഷണം നടത്തി. ജീസസ്സ് യൂത്ത് ആനിമേറ്റർ റവ. ഫാ. ജയിംസ് മാക്കിയിൽ നേതൃത്വം നൽകിയ പ്രോഗ്രാം അഭിവന്ദ്യ പിതാവിന്റെ ആശിർവാദത്തോടെയാണ് അവസാനിച്ചത്. കരുണയുടെ വർഷത്തിൽ ജീസസ്സ് യൂത്ത് ഒരുക്കുന്ന വിവിധ പരിപാടികൾക്ക് ഇതോടെ തുടക്കമായി.

### ഉപമേഖല ജീസസ്സ് യൂത്ത് നേതൃത്വത്തെ തിരഞ്ഞെടുത്തു

Y2C യൂത്ത് കോൺഫ്രൻസിൽ വച്ച് വാഴത്തോപ്പ്, പാറത്തോട്, തോപ്രാംകുടി ഉപമേഖല ജീസസ്സ് യൂത്ത് ടീമിനെ തിരഞ്ഞെടുത്തു. വിവിധ മിനിസ്ട്രികളുടെയും ലീഡേഴ്സിന്റെയും ധ്യാനം നവംബർ 13,14,15 ദിവസങ്ങളിൽ നടത്തുന്നു.

## കത്തോലിക്കാ കോൺഗ്രസ്

### മൈക്രോ ഫിനാൻസ് കേന്ദ്രകമ്മറ്റി ഓഫീസ്

കത്തോലിക്ക കോൺഗ്രസിന്റെ ജനസേവന പദ്ധതിയായ ആത്മമിത്ര മൈക്രോ ഫിനാൻസിന്റെ കേന്ദ്ര ഓഫീസ് എറണാകുളം കാരക്കോടം സെന്റ് ജൂഡ് ദൈവാലയത്തോടനുബന്ധിച്ചുള്ള സ്ഥാപനത്തിൽ ആർച്ച് ബിഷപ്പ് മാർ ജോർജ് ആലഞ്ചേരിൽ നിർവ്വഹിച്ചു.



പ്രസ്തുത പരിപാടിയിൽ ഇടുക്കി രൂപത മെത്രാൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ, മാർ റെമിജിയൂസ് ഇഞ്ചനാനിയിൽ എന്നിവർ സന്നിഹിതരായിരുന്നു. നമ്മുടെ രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കലും സെക്രട്ടറി ജോസ് തോമസ് ഒഴുകയിലും പ്രസ്തുത പരിപാടിയിൽ പങ്കെടുത്തു.

### മോചന യാത്ര വിലയിരുത്തൽ

കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മോചനയാത്രയുടെ വിലയിരുത്തലും തുടർ സമരപരിപാടികളുടെ ആലോചനയും എറണാകുളം പി.ഒ.സിയിൽ ചേർന്നു. തുടർ പരിപാടികൾക്കായി വിവിധ സബ് കമ്മറ്റികൾക്ക് രൂപം നൽകി. ഇടുക്കി രൂപത പ്രസിഡന്റും സെക്രട്ടറിയും പങ്കെടുത്തു.

### രൂപത കമ്മിറ്റി

കത്തോലിക്ക കോൺഗ്രസ് രൂപതാ കമ്മറ്റി ഇടുക്കി ബിഷപ്സ് ഹൗസിൽ 21-9-2015-ൽ കൂടുകയുണ്ടായി. പുതിയ ഫൊറോനാ ഇടവക കമ്മറ്റികളുടെ രൂപീകരണവും മറ്റു പരിപാടികളും ധൃതഗതിയിൽ നടപ്പിലാക്കാനും സെപ്റ്റംബർ 30-നകം മെമ്പർഷിപ്പ് കഴിയുന്നിടത്തോളം പൂർത്തിയാക്കാനും തീരുമാനിച്ചു. സംസ്ഥാന ട്രഷറർ, സംസ്ഥാന വർക്കിംഗ് കമ്മറ്റിയംഗം എന്നിവർ പങ്കെടുത്തു.

### നാമഹേതുക തിരുനാളും ജന്മദിനാശംസകളും

ഇടുക്കി രൂപത കത്തോലിക്ക കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിന് നാമഹേതുക തിരുനാളിന്റെയും ജന്മദിനത്തിന്റെയും ആശംസകൾ ഇടുക്കി രൂപതാ കാര്യാലയത്തിൽ വച്ചു നടത്തിയ യോഗത്തിൽ ആശംസിച്ചു. യോഗത്തിന് രൂപത പ്രസിഡന്റ് ശ്രീ. ജോർജ് കോയിക്കൽ അധ്യക്ഷത വഹിച്ചു. ശ്രീ. ജോസുകുട്ടി മാടപ്പള്ളി, പ്രൊഫ. ജോസുകുട്ടി ഒഴുകയിൽ, ജോസഫ് തോമസ് ഒഴുകയിൽ, സണ്ണി ജോർജ്ജ് കരിവേലിൽ എന്നിവർ ആശംസകൾ അർപ്പിച്ചു.

### അഭിവന്ദ്യ പിതാവിന് സ്വീകരണം

ഭാരത് ഗൗരവ് അവാർഡിനർഹനായ ഇടുക്കി രൂപതാദ്ധ്യക്ഷൻ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവിനെ ഇടുക്കി രൂപതാ കമ്മറ്റി പൊന്നാട അണിയിച്ചു ആദരിച്ചു. സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്ക് വേണ്ടി അദ്ദേഹം ഏറ്റെടുക്കുന്ന - ഏറ്റെടുത്ത എല്ലാ പ്രവർത്തനങ്ങൾക്കും രൂപതാ കമ്മറ്റി സർവ്വവിധ പിന്തുണയും പ്രാർത്ഥനാശംസകളും നേർന്നു. പ്രസിഡന്റ് ശ്രീ. ജോർജ്ജ് കോയിക്കൽ പിതാവിനെ പൊന്നാടയണിയിച്ചു. രൂപതാ കമ്മറ്റിയംഗങ്ങൾ എല്ലാവരും പ്രസ്തുത ചടങ്ങിൽ സന്നിഹിതരായിരുന്നു.

## കേരള ലേബർ മൂവ്മെന്റ്

**KLM 51/15 തൊഴിലാളി ഫോറം നേതൃയോഗം**

കേരള ലേബർ മൂവ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും തുടർന്നുള്ള പ്രവർത്തന പരിപാടികൾ രൂപീകരിക്കുന്നതിനും ഫോറങ്ങളുടെ നേതൃയോഗം സെപ്റ്റംബർ 26, 27 തീയതികളിൽ പാലാരിവട്ടം P.O.C. യിൽ നടന്നു. ഇടുക്കി രൂപതയിൽ നിന്നും 5 പേർ പങ്കെടുത്തു.

**KLM 52/15 ഭവനനിർമ്മാണം 20 പേർക്ക് സഹായം**

സംസ്ഥാന ഗവൺമെന്റിന്റെ ഗൃഹശ്രീ പദ്ധതിയിൽപ്പെടുത്തി KLM ഇടുക്കി രൂപതയുടെ ശുപാർശയോടെ നിർദ്ധനരായ 20 കുടുംബങ്ങൾക്ക് 2 ലക്ഷം രൂപാ വെച്ച് ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തികരിച്ച് നൽകി.

**KLM 53/15 നവംബർ ഒന്നിന് ആരംഭിക്കുന്ന കോഴ്സുകൾ**

കേരളത്തിലും ഇതര സംസ്ഥാനങ്ങളിലും തൊഴിലവസരം ലഭിക്കുന്ന ഡാറ്റാ എൻട്രി, റീട്ടെയിൽ സെയിൽസ് അസിസ്റ്റന്റ് കോഴ്സുകൾ; കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ലഭിക്കുന്നതും, സ്റ്റഡി മെറ്റീ



റീയൽസ് സൗജന്യമായി ലഭിക്കുന്നതുമായ ഈ കോഴ്സുകൾ നവംബർ ഒന്നു മുതൽ മുരിക്കാശ്ശേരിയിൽ ആരംഭിക്കുന്നതാണ്. താല്പര്യമുള്ളവർക്ക് ഇനിയും പ്രവേശനം ലഭ്യമാണ്. എസ്. എസ്.എൽ.സി. ജയിച്ചവരും തോറ്റവരുമായ 35 വയസ് കഴിയാത്ത എല്ലാവർക്കും ഈ ക്ലാസിൽ പങ്കെടുക്കാം. Cont. : 9495125585.

## ആത്മജ്യോതിയിലെ പരിപാടികൾ

| | | |
|---|---|---|
| ഒക്ടോബർ 2015 | 1 -3 - | തിയോളജി കോഴ്സ് |
| | 4-9 - | എഫാത്ത ധ്യാനം |
| | 10 -11 - | തിയോളജി കോഴ്സ് |
| | 12-14 - | വിവാഹ ഒരുക്ക ധ്യാനം |
| | 14 - | വൈദികർക്കുള്ള സ്റ്റഡിഫോറം |
| | 16-18 - | ഏലീശ്വാ ധ്യാനം |
| | 18-24 - | എഫാത്ത ധ്യാനം |
| | 26-28 - | വിവാഹ ഒരുക്ക ധ്യാനം |
| | 28-31 - | ലഹരി വിമോചന ക്യാമ്പ് |

## വാർത്തകളും വിശേഷങ്ങളും

**ദൈവീക കാരുണ്യം - വിശുദ്ധ വത്സരത്തിന്റെ ലോഗോ പ്രകാശനം ചെയ്തു**

2015 ഡിസംബർ 8, അമലോത്ഭവ മാതാവിന്റെ തിരുനാൾ മുതൽ 2016 നവംബർ 20 ക്രിസ്തുരാജന്റെ തിരുനാളിൽ സമാപിക്കുന്ന വിധത്തിലാണ് ഫ്രാൻസിസ് പാപ്പാ ദൈവിക കാരുണ്യത്തിന്റെ വിശുദ്ധ വത്സരം പ്രഖ്യാപിച്ചത്. ജൂബിലി വർഷത്തിനുവേണ്ടിയുള്ള ലോഗോ മെയ് 5-ാം തീയതി തിങ്കളാഴ്ച രാവിലെ വത്തിക്കാൻ പ്രകാശനം ചെയ്തു.

നല്ല ഇടയന്റെയും നഷ്ടപ്പെട്ടുപോയ മകനെ കണ്ടെത്തി തോളിലേറ്റി വരുന്ന സ്നേഹമുള്ള പിതാവിന്റെയും ചിത്രങ്ങൾ കൂട്ടിയിണക്കിക്കൊണ്ടാണ് വത്തിക്കാൻ ആസന്നമാകുന്ന ജൂബിലി വർഷത്തിന്റെ പ്രതിപാദ്യവിഷയം വെളിപ്പെടുത്തുന്നതെന്ന് ജൂബിലിയുടെ സംഘാടകരായ നവ സുവിശേഷവത്കരണത്തിനായുള്ള പൊന്തിഫിക്കൽ കൗൺസിലിന്റെ പ്രസിഡന്റ്, ആർച്ചു ബിഷപ് സാൽവത്തോരെ ഫിസിക്കേലാ മെയ് 5-ാം തീയതി ചൊവ്വാഴ്ച റോമിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. വിവശനും മുറിപ്പെട്ടവനുമായ മകനെ തോളിലേറ്റി നടക്കുന്നത് പിതാവിന്റെ കരുണാർദ്രരൂപമായ ക്രിസ്തുതന്നെയാണെന്ന് പ്രശസ്ത ഇറ്റാലിയൻ ചിത്രകാരനും മൊസൈക്ക് ആർട്ടിസ്റ്റുമായ മാർക്കോ രൂപ്നിക്ക് രൂപകല്പന ചെയ്ത ലോഗോയുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നു. ജീവിതത്തിൽ ആരെയും വിധിക്കാതെയും തള്ളിക്കളയാതെയും സ്നേഹവും കരുണയും ക്ഷമയും കാണിക്കാൻ ജൂബിലിവർഷം ആഹ്വാനം ചെയ്യുന്നതായി ലോഗോ അനാച്ഛാദനം ചെയ്തുകൊണ്ട് ആർച്ചുബിഷപ്പ് ഫിസിക്കേലാ ഉദ്ബോധിപ്പിച്ചു.

എല്ലാ രൂപതകളിലും, സഭാ പ്രവിശ്യകളിലും ജൂബിലി കവാടങ്ങൾ (സ്ഥലത്തെ ഭദ്രാസന ദേവാലയത്തിലോ തീർത്ഥാടന കേന്ദ്രത്തിലോ) തുറന്നുകൊണ്ട് ദൈവത്തിന്റെ കാരുണ്യം സകലർക്കും ലഭ്യമാക്കാൻ നടത്തുന്ന പരിശ്രമം ഈ ജൂബിലി വർഷത്തിന്റെ മാത്രം പ്രത്യേകതയാണെന്ന് ആർച്ചുബിഷപ് ഫിസിക്കേലാ വ്യക്തമാക്കി. വിശ്വാസ പ്രഘോഷണപരമായ തീർത്ഥാടനങ്ങൾ, ദൈവിക കാരുണ്യത്തിന്റെ സാക്ഷ്യപ്പെടുത്തലുകൾ, യുവജനങ്ങളുടെ സംഗമം, രോഗികളുടെയും വിഷമസന്ധിയിൽ ജീവിക്കുന്നവരുടെയും സമ്മേളനം, ജയിലിൽ കഴിയുന്നവരുടെ സംഗമം, ശുശ്രൂഷാ ജോലികളിൽ വ്യാപൃതരായിരിക്കുന്നവരുടെ സമ്മേളനം, മരിയൻ സമ്മേളനം എന്നിവ ജൂബിലി വർഷത്തിന്റെ പ്രത്യേകതകളായിരിക്കുമെന്നും ആർച്ചുബിഷപ് ഫിസിക്കേലാ പത്രസമ്മേളനത്തിൽ വെളിപ്പെടുത്തി.






**സെപ്റ്റംബർ 2015**

01 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് രാജകുമാരി പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

03 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് മേരിലാന്റ് പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

05 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് കരിമ്പൻ പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

06 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് മാങ്കുളം പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

07 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് കഞ്ഞിക്കുഴി പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

08 എട്ടുനോമ്പാചരണത്തോടനുബന്ധിച്ച് വാഴവര പള്ളിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

12 ഇരട്ടയാറിൽ നടന്ന സമർപ്പിതസംഗമത്തിൽ പങ്കെടുത്ത് സന്ദേശം നൽകുകയും ചർച്ചകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്തു.

13 അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ബഹു. വൈദികരുടെ രണ്ടാം ബാച്ചിന്റെ വാർഷിക ധ്യാനത്തിൽ ആമുഖ സന്ദേശം നൽകി.

14 രാജമുടി പള്ളിയിൽ വടക്കേൽ മാത്യു - എലിസബത്ത് ദമ്പതികളുടെ വിവാഹം ആശീർവ്വദിച്ചു.

15. അടിമാലി സി.എം.സി. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

16 അതിരമ്പുഴ പള്ളിയിൽ മാതാവിന്റെ ദർശന തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു.

17 വിമലഗിരി സി.എം.സി കോൺവെന്റിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നൽകി.

18 ബഹു. വൈദികരുടെ രണ്ടാം ബാച്ചിന്റെ വാർഷിക ധ്യാനത്തോടനുബന്ധിച്ച് അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ദിവ്യബലി അർപ്പിച്ചു.

19 മുരിക്കാശ്ശേരി എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

20 വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കി.

* രാജമുടി എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

21. അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ച് സന്ദേശം നല്കി.

22. അഭിവന്ദ്യ പിതാവിന്റെ നാമഹേതുക തിരുനാളിനോടനുബന്ധിച്ച് വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് നടന്ന വൈദികരുടെ സ്നേഹക്കൂട്ടായ്മയിൽ പങ്കെടുത്തു.

* വാഴത്തോപ്പിൽ നടന്ന പ്രൊവിഡന്റ് ഫണ്ടിന്റെ മീറ്റിങ്ങിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നല്കി.



23. കുതിരക്കല്ല് എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ദിവ്യബലിയർപ്പിച്ച് സന്ദേശം നല്കി.

24 മച്ചിപ്ലാവ് സെന്റ് ഫ്രാൻസീസ് അസ്സീസ്സി പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് വചനസന്ദേശം നല്കി.

26. കോടിക്കുളത്ത് വച്ച് ബഹു. ജോസഫ് പാറയിലച്ചന്റെ ജൂബിലി ആഘോഷ സമ്മേളനത്തിൽ പങ്കെടുത്തു.

28. ഇടുക്കി സെന്റ് മാത്യു കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നലകി.

29. കരിമ്പൻ ഡി.എസ്.റ്റി. കോൺവെന്റിൽ വി. കുർബാനയർപ്പിച്ച് വചനസന്ദേശം നലകി.






| ദിവസം | സമയം | | കാര്യപരിപാടികൾ |
|---|---|---|---|
| **03** ശനി | ഉച്ചകഴിഞ്ഞ് | – | ജീവൻ രക്ഷാറാലി സമാപനം, ചെറുതോണി |
| **04** ഞായർ | ഉച്ചകഴിഞ്ഞ് | – | മാമ്മോദീസ, രാജാക്കാട് ഫൊറോന പള്ളി |
| **10** ശനി | രാവിലെ | – | ക്രെഡിറ്റ് യൂണിയൻ വാർഷികം, മുരിക്കാശ്ശേരി |
| **10** ശനി | ഉച്ചകഴിഞ്ഞ് | – | ഡീക്കന്മാരുടെ സംഗമം, കത്തീഡ്രൽ പള്ളി |
| **10-11** | | – | ഇടവക സന്ദർശനം, രാജകുമാരി പള്ളി |
| **14** ബുധൻ | | – | വൈദികരുടെ സ്റ്റഡിഫോറം, അടിമാലി |
| **15** വ്യാഴം | | – | വൈദികരുടെ സ്റ്റഡിഫോറം, വെള്ളയാംകുടി |
| **17-18** | | – | ഇടവക സന്ദർശനം, മുരിക്കുംതൊട്ടി പള്ളി |
| **24** ശനി | രാവിലെ | – | അരുണാപുരം, പാല |
| **24-25** | | – | ഇടവക സന്ദർശനം, രാജാക്കാട് പള്ളി |
| **31** ശനി | രാവിലെ | – | വെസ്റ്റീഷൻ, എഫ്.സി.സി. പ്രൊവിൻഷ്യൽ ഹൗസ്, മുരിക്കാശ്ശേരി |